(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം:കെ.എസ്.എ./കെ.എസ്.ഡി -10/1259/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

കാസറഗോഡ്

തീയതി .20.12.2016.

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കോടോം ബേളൂർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : കോടോം ബേളൂർ ഗ്രാമപഞ്ചായത്ത് -2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കോടോം ബേളൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസറഗോഡ്

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ/കെ.എസ്.ഡി -10/1259/2016
തീയതി:20.12.2016

**കാസറഗോഡ് ജില്ലയിലെ കോടോം ബേളൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.**

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കാസറഗോഡ് ജില്ലയിലെ കോടോം ബേളൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് മുതൽ തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ** അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ ** എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | സി.രാജാരാമ, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 22.10.2016 മുതൽ 31.10.2016വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ലോകേഷ ആചാരി.ബി, ഓഡിറ്റ് ഓഫീസർ |
| | വിനോദ് കുമാർ. വി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | രഘുനാഥൻ.കെ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശിവശങ്കര.കെ, ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | രമ്യ വേണുഗോപാൽ | 01.04.2015 മുതൽ 31.10.2015 വരെ |

| | | |
|---|---|---|
| | സി.കുഞ്ഞിക്കണ്ണൻ | 01.11.2015 മുതൽ 31.03.2016വരെ |
| സെക്രട്ടറി | ഉഷാദേവി.കെ.വി | 01.04.2015 മുതൽ 27.07.2015 വരെ |
| | കുഞ്ഞിക്കണ്ണൻ.വി | 28.07.2015 മുതൽ 15.02.2016 വരെ |
| | ജോസഫ് എം ചാക്കോ | 16.02.2016 മുതൽ 31.03.2016 വരെ |

നിർവഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗം | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | വിഷ്ണു.എസ്. പി | 01.04.2015 മുതൽ 31.03.2016 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ജനോവ.കെ.വി | 01.04.2015 മുതൽ 31.03.2016 വരെ |
| ഹെഡ് മാസ്റ്റർ,<br>ജി.യു.പി.എസ്. ബേളൂർ | വിജയൻ | 01.04.2015 മുതൽ 31.03.2016 വരെ |
| വി. ഇ. ഒ. | എം. വിജയകുമാർ | 01.04.2015 മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസ്സ്, ഹോമിയോ | സൈറ ജോൺ | 01.04.2015 മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസ്സ്, ആയുർവേദം | മുഹമ്മദ് ഇംത്യാസ്.ഐ | 01.04.2015 മുതൽ 31.03.2016 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | വി. രാമചന്ദ്രൻ | 01.04.2015 മുതൽ 31.03.2016 വരെ |
| വെറ്റിനറി സ്രുജൻ | കെ.പി.അനീഷ് | 01.04.2015 മുതൽ 07.02.2016 വരെ |
| | ദയാമോൻ. ഡി. മാത്യു | 08.02.2016 മുതൽ 31.03.2016 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | സുകുമാരൻ | 01.04.2015 മുതൽ 01.09.2015 വരെ |
| | ജോസി ജയകുമാർ.ഇ | 02.09.2015 മുതൽ 31.03.2016 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | മാധവി.പി | 01.04.2015 മുതല്ല 09.09.2015 വരെ |

| | | |
|---|---|---|
| | അമിത കേളപ്പൻ | 10.09.2015 മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസ്ര, അലോപ്പതി | അനിൽ കുമാർ | 01.04.2015 മുതല്ല 31.03.2016 വരെ |

ഉള്ളടക്കം


| ക്രമ നം. | | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| ഭാഗം 1 - ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ പൊതു അവലോകനം | | | |
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 | |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം | 1-6 | |
| 7 | തനത് വരുമാനം | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 | |
| ഭാഗം 2 - വരവിനങ്ങളിൻമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ | | | |
| 1 | വസ്തുനികുതി രജിസ്റ്ററുകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല | 2-1 | |
| 2 | ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല | 2-2 | |
| 3 | പെർമിറ്റ് ഫീ ഈടാക്കിയതിൽ കുറവ് | 2-3 | |
| 4 | തനത് വരുമാന ഇനങ്ങൾ രജിസ്റ്ററുകൾ ഹാജരാക്കിയിട്ടില്ല | 2-4 | |
| 5 | ടെണ്ടർസമർപ്പണഫീസ് പഞ്ചായത്തിന് ലഭിച്ചിട്ടില്ല. | 2-5 | |
| ഭാഗം 3-ചെലവിനങ്ങളിൻമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ | | | |

| | | | |
|---|---|---|---|
| 1 | കണ്ടിൻജന്റ് ചെലവ് പരിധിയിൽകടന്ന് ചെലവഴിച്ചത് | 3-1 | |
| 2 | ട്രഷറിയിൽ നിന്നും പിൻവലിച്ച തുക ചെലവഴിച്ചിട്ടില്ല | 3-2 | |
| 3 | ഫോട്ടോസ്റ്റാറ്റ്മെഷീൻ ചെലവ് - ലേറ്റ് ഫീ നൽകി-അംഗീകരിക്കുന്നില്ല | 3-3 | |
| 4 | ദേശീയഗ്രാമീണതൊഴിലുറപ്പ് പദ്ധതി, ബ്ലോക്ക് പഞ്ചായത്ത് നിർദ്ദേശപ്രകാരം തുക ചെലവഴിച്ചു, തിരികെ ലഭിച്ചിട്ടില്ല | 3-4 | |
| 5 | ഗ്രാമപഞ്ചായത്തിൽ സൗരോർജ്ജ വൈദ്യുതിസംവിധാനം സ്ഥാപിക്കൽ - അപാകത | 3-5 | |
| 6 | ഗ്രാമപഞ്ചായത്തിൽ തെരുവ് വിളക്ക് സ്ഥാപിക്കൽ - അപാകത | 3-6 | |
| 7 | ഗ്രാമപഞ്ചായത്തിൽ ISO സർട്ടിഫിക്കേഷൻ - അപാകത | 3-7 | |
| 8 | ഒടയംചാൽ ബസ് സ്റ്റാന്റ് കം ഷോപ്പിംഗ് കോംപ്ലക്സ്, കൺസൽട്ടൻസി ഏജൻസി, സ്ട്രക്ചറൽ ഡിസൈൻ ഏജൻസി - നിയമനം-അപാകത | 3-8 | |
| 9 | സി.ഡി.എസ്, ഘടകസ്ഥാപനങ്ങൾ ഫർണ്ണിച്ചർ പദ്ധതി -അപാകത | 3-9 | |
| 10 | മരുന്ന് വാങ്ങാൻ അഡ്വാൻസ് നൽകി-മരുന്ന് ലഭിച്ചിട്ടില്ല | 3-10 | |
| 11 | VG 30 ഗ്രേഡിലുള്ള ടാർ ഉപയോഗിച്ച് നടത്തിയ പ്രവൃത്തിക്ക് VG10 ഗ്രേഡിലുള്ള ടാറിന്റെ വില അനുവദിച്ചതിൽ നഷ്ടം | 3-11 | |
| 12 | റോഡ് ടാറിംഗ്/റീടാറിംഗ് പ്രവൃത്തികൾ കൺവീനർമാർ ടാർ വാങ്ങിയതിന്റെ ഇൻവോയ്സ് ഹാജരാക്കിയിട്ടില്ല | 3-12 | |
| 13 | ഫ്ലോർടൈലുകൾ പതിക്കുന്നതിന് വാൾടൈലുകൾ പതിക്കുന്നതിന്റെ നിരക്ക് അനുവദിച്ചു, നഷ്ടം | 3-13 | |

| | | | |
|---|---|---|---|
| 14 | ആരോഗ്യസ്ഥാപനങ്ങൾക്ക് മരുന്ന് വാങ്ങൽ - മരുന്ന് മുഴുവൻ ലഭിച്ചില്ല | 3-14 | |
| 15 | സാന്ത്വനപരിചരണം - മരുന്ന് ലഭിച്ചത് ഭാഗികമായി | 3-15 | |
| 16 | ഹെഡ് മാസ്റ്റർ ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല – തുക തടസ്സപ്പെടുത്തുന്നു | 3-16 | |
| 17 | ക്ഷീരസംഘങ്ങൾക്ക് കാലിത്തീറ്റ വിതരണം വൗച്ചർ ഹാജരാക്കിയിട്ടില്ല | 3-17 | |
| 18 | ജീവാണുവള നിർമ്മാണ യൂണിറ്റ് -അപാകത | 3-18 | |
| 19 | വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല | 3-19 | |
| ഭാഗം 4- ഓഡിറ്റ് പ്രത്യവലോകനം | | | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകകൾ | 4-2 | |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4-4 | |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 6 | ഓഡിറ്റ് റിക്കവറി | 4-6 | |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം. | 4-7 | |
| 8 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 9 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-9 | |

അനുബന്ധം

1. ഓഡിറ്റ് സാക്ഷ്യപത്രം
2. റസീറ്റ് & പേമെന്റ് അക്കൗണ്ട്
3. ഇൻകം & എക്സ്പെന്റിച്ചർ അക്കൗണ്ട്
4. ബാലൻസ് ഷീറ്റ്

# ഭാഗം 1

# പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 20.03.2015 തിയതിയിലെ 36/15-ാമത്തെ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ ഓഡിറ്റിൽ താരതമ്യം ചെയ്തിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2016 | 27.09.2016 | തിരിച്ചയച്ചിട്ടില്ല | ബാധകമല്ല |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

2015-16 വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധന ഓഡിറ്റിന്റെ ഭാഗമായി 31.10.2016 ന് പരിശോധിച്ചു. വാർഷിക ധനകാര്യ പത്രികയിന്മേലുള്ള സാക്ഷ്യ പത്രം ഈ റിപ്പോർട്ടിന്റെ അനുബന്ധം 3 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 4,31,71,826 |
| വരവ് | 11,35,43,240 |
| ആകെ | 15,67,15,066 |
| ചെലവ് | 13,48,71,242 |
| നീക്കിയിരിപ്പ് | 2,18,43,824 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ട്രാൻസ്ഫർ ക്രെഡിറ്റ് വരവ് | ആകെ | ചെലവ് | ട്രാൻസ്ഫർ ക്രെഡിറ്റ് | നീക്കിയിരിപ്പ് | ചെലവ് % |
|---|---|---|---|---|---|---|---|---|

| | | | | | | | | |
|---|---|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 32,55,837 | - | 1,37,38,315 | 1,69,94,152 | 1,60,35,602 | 9,58,550 | 0 | 100 |
| വികസനഫണ്ട് എസ്.സി.പി. | 51,07,166 | 85,29,475 | - | 1,36,36,641 | 93,39,475 | 42,97,166 | 0 | 100 |
| വികസനഫണ്ട് ടി.എസ്.പി. | 9,70,819 | 5,36,000 | - | 15,06,819 | 9,61,078 | 5,45,741 | 0 | 100 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 10,94,308 | 83,81,605 | - | 94,75,913 | 55,46,056 | 39,29,857 | 0 | 100 |
| പെർഫോമൻസ് ഗ്രാന്റ് | 49,65,551 | 33,57,326 | - | 83,22,877 | 33,57,326 | 49,65,551 | 0 | 100 |
| സംരക്ഷണഗ്രാന്റ് റോഡ് | 22,13,156 | 1,10,00,630 | - | 1,32,13,786 | 1,32,13,786 | - | 0 | 100 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 9,55,722 | 17,70,795 | - | 27,26,517 | 27,26,517 | - | 0 | 100 |
| തൊഴിലുറപ്പ് പദ്ധതി | 1,38,439 | 2,55,92,669 | - | 2,57,31,108 | 2,57,27,190 | - | 3,918 | - |
| ബി ഫണ്ട് | - | 3,62,18,485 | - | 3,62,18,485 | 3,62,18,485 | - | - | |

*FTO amount in MGNREGA - ₹.2,52,25,186

DBT amount of Social Security Pensions- ₹3,50,26,525

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്(എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത്(എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത്(എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 229 | 18,71,83,940 | 143 | 6,03,,03,946 | 0 | 86 | 62.44 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ - ഇല്ല

നടപ്പിലാക്കിയ പ്രോജക്ടുകളുടെ നിർവഹണ ഉദ്യോഗസ്ഥർ തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | നിർവഹണ ഉദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ച പ്രോജക്ടുകൾ | | നടപ്പിലാക്കിയ പ്രോജക്ടുകൾ | | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| | | എണ്ണം | തുക | എണ്ണം | തുക | |
| 1 | കൃഷി ഓഫീസർ | 10 | 59,36,150 | 6 | 48,50,774 | 87.72 |
| 2 | വെറ്റിനറി സർജൻ | 3 | 25,73,752 | 3 | 25,39,745 | 98.68 |
| 3 | മെഡിക്കൽ ഓഫീസർ, പി എച്ച് സി | 2 | 11,00,000 | 2 | 10,27,674 | 93.42 |
| 4 | മെഡിക്കൽ ഓഫീസർ, ഹോമിയോ | 1 | 3,00,000 | 1 | 3,00,000 | 100 |
| 5 | മെഡിക്കൽ ഓഫീസർ, ആയുർവേദം | 1 | 3,00,000 | 1 | 3,00,000 | 100 |
| 6 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 7 | 1,43,36,307 | 4 | 1,87,500 | 0.0130 |
| 7 | ഐ സി ഡി എസ് സൂപ്പർവൈസർ | 7 | 38,37,100 | 6 | 33,69,372 | 87.81 |
| 8 | സെക്രട്ടറി, ഗ്രാമപഞ്ചായത്ത് | 34 | 1,86,98,321 | 20 | 1,39,70,968 | 74.71 |
| 9 | അസിസ്റ്റന്റ് എഞ്ചിനീയർ | 159 | 12,92,23,612 | 96 | 3,07,02,693 | 23.75 |
| 10 | ഹെഡ് മാസ്റ്റർ | 2 | 2,28,698 | 2 | 1,75,220 | 76.61 |
| 11 | ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 48,00,000 | 1 | 12,00,000 | 25 |
| 12 | അസിസ്റ്റന്റ് സെക്രട്ടറി | 2 | 58,50,000 | 1 | 16,80,000 | 28.71 |

# 1-7 തനത് വരുമാനം

മുൻവർഷത്തെ അപേക്ഷിച്ച് സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം |
|---|---|---|---|
| നികുതി വരവുകൾ | 33,17,904 | 33,19,468 | (+)1564 |
| നികുതിയേതര വരവുകൾ | 8,17,677 | 9,60,731 | (+)1,43,054 |
| മറ്റുവരവുകൾ | 2,66,111 | 2,76,699 | (+)10,588 |

| | | | |
|---|---|---|---|
| ആകെ | 44,01,692 | 45,56,898 | (+)1,55,206 |

ഇനം തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| ഇനം | മുൻ വർഷം | തൻ വർഷം | വ്യത്യാസം | ശതമാനം |
|---|---|---|---|---|
| വസ്തു നികുതി (കുടിശ്ശിക പിരിവ് ഉൾപ്പെടെ) | 23,46,424 | 21,33,108 | (-)2,13,316 | |
| തൊഴിൽ നികുതി (വ്യാപാരികൾ, സ്ഥാപനങ്ങൾ) (കുടിശ്ശിക പിരിവ് ഉൾപ്പെടെ) | 1,95,630 | 2,36,980 | (+)41,350 | |
| തൊഴിൽ നികുതി (ജീവനക്കാർ) | 7,75,850 | 9,49,380 | (+)1,73,530 | |
| ആകെ നികുതി വരവ് | 33,17,904 | 33,19,468 | (+)1,564 | 0.047 |
| ലൈസൻസ് ഫീസ് (കുടിശ്ശിക പിരിവ് ഉൾപ്പെടെ) | 74,200 | 76,560 | (+)2,360 | |
| ഫലവൃക്ഷങ്ങളിൽ നിന്നുള്ള വരുമാനം | 7,955 | 10,100 | (+)2,145 | |
| വാടക വരവ് | | 1,765 | (+)1,765 | |
| ഫീസുകൾ, ഫൈനുകൾ, യൂസർ ചാർജ്ജുകൾ | 3,36,846 | 3,09,527 | (-) 27,319 | |
| ടെണ്ടർ ഫോറങ്ങളുടെ വിറ്റു വരവ് | 3,98,676 | 5,62,779 | (+)1,64,103 | |
| ആകെ നികുതിയേതര വരവ് | 8,17,677 | 9,60,731 | (+)1,43,054 | (+)17.49 |
| ബാങ്ക് അക്കൗണ്ടുകളിൽ ലഭിച്ച പലിശ | 2,66,111 | 2,76,699 | (+)10,588 | |
| ആകെ മറ്റു വരവുകൾ | 2,66,111 | 2,76,699 | (+)10,588 | (+)3.98 |
| ആകെ തനതു വരുമാനം | 44,01,692 | 45,56,898 | (+)1,55,206 | (+)3.52 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| തൊഴിൽരഹിത വേതനം | 1,41,960 | 85 |
| കർഷകതൊഴിലാളി പെൻഷൻ | 31,70,400 | 336 |
| വിധവാപെൻഷൻ | 1,24,12,360 | 1006 |
| വാർദ്ധക്യകാലപെൻഷൻ | 1,50,82,170 | 1425 |
| വികലാംഗപെൻഷൻ | 37,93,155 | 307 |
| വിവാഹ ധനസഹായം | 9,10,000 | 31 |
| 50 വയസ്സിൽ കൂടിയ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 5,68,440 | 52 |
| മിശ്ര വിവാഹ ധന സഹായം | 1,00,000 | 2 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24.10.2016 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 9798/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

ഓഫീസ് പ്രവർത്തനങ്ങൾ കൃത്യമായ ഓഫീസ് ഉത്തരവുകൾ പ്രകാരം നിർവഹിക്കുന്നുണ്ട്. ഫ്രന്റ് ഓഫീസ് സംവിധാനം നല്ല നിലയിൽ പ്രവർത്തിച്ചു വരുന്നു. പരാതികളും മറ്റും പരിഹരിക്കുന്നതിന് പ്രത്യേക ശ്രദ്ധ കൊടുക്കുന്നുണ്ട്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 06.08.2016 | 04/2016, 05/2016 | 20.10.2016 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | ഇല്ല | ഇല്ല | ഇല്ല |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തു നികുതി രജിസ്റ്ററുകൾ - പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല

2015-2016 സാമ്പത്തിക വർഷം വസ്തു നികുതി ഡിമാന്റ് രജിസ്റ്ററും കുടിശ്ശിക ഡിമാന്റ് രജിസ്റ്ററും ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഗ്രാമ പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചപ്പോൾ തൻവർഷം കുടിശ്ശികയായി 23,58,824/- രൂപ പിരിച്ചെടുക്കാൻ ബാക്കിയുണ്ട്. ഡിമാന്റ് രജിസ്റ്ററുകളും, കുടിശ്ശിക ഡിമാന്റ് രജിസ്റ്ററുകളും എഴുതി സൂക്ഷിക്കാത്തതിനാൽ ഈ തുകകളുടെ വിശദ വിവരങ്ങൾ പരിശോധിക്കാൻ സാധിച്ചിട്ടില്ല. കൂടാതെ അക്രൂവൽ വരുമാനമായി രേഖപ്പെടുത്തുന്ന തുകയുടെ കൃത്യതകൾ പരിശോധിക്കാൻ സാധിച്ചിട്ടില്ല. ഡിമാന്റ് രജിസ്റ്ററുകളും, കുടിശ്ശിക ഡിമാന്റ് രജിസ്റ്ററുകളും കൃത്യതയോടെ എഴുതി തയ്യാറാക്കേണ്ടതാണ്. സഞ്ചയ സോഫ്റ്റ്വെയർ സാംഖ്യ സോഫ്റ്റ്വെയറുമായി ലിങ്ക് ചെയ്തിട്ടില്ല. വസ്തു നികുതിയിലെ കുടിശ്ശിക പിരിച്ചെടുക്കാൻ ഊർജ്ജിത നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-2 ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

(ഓഡിറ്റ് എൻക്വയറി നമ്പർ 6/2016തീയ്യതി 28-10-2016)

കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 204(11)എ(1)പ്രകാരം 60 ദിവസമോ അതിൽ കൂടുതലോ ഒരു അർദ്ധവർഷം തദ്ദേശ സ്വയംഭരണ സ്ഥാപന പരിധിയിൽ ജോലി/തൊഴിൽ ചെയ്യു വ്യക്തി തൊഴിൽ നികുതിക്ക് വിധേയനാകും. ഇപ്രകാരം 2015-16 വർഷത്തെ തൊഴിൽ നികുതി പരിശോധനയിൽ താഴെക്കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാർ തൊഴിൽ നികുതി അടവാക്കാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് വിശദവിവരം ചുവടെ ചേർക്കുന്നു

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | തൊഴിൽനികുതി അടവാക്കേണ്ടകാലയളവ് |
|---|---|---|
| 1 | കാലിച്ചാനടുക്കം ക്ഷീരോൽപ്പാദന സഹകരണ സംഘം | 2015-16-I&II അർദ്ധവർഷം |
| 2 | മുക്കുഴി ക്ഷീരോൽപ്പാദന സഹകരണസംഘം | 2015-16-I&II അർദ്ധവർഷം |
| 3 | പറക്കളായി ക്ഷീരോൽപ്പാദന സഹകരണസംഘം | 2015-16I& II അർദ്ധവർഷം |
| 4 | ഉദയപുരം ക്ഷീരോൽപ്പാദന സഹകരണസംഘം | 2015-16-I&II അർദ്ധവർഷം |
| 5 | ബേളൂർ ക്ഷീരോൽപ്പാദന സഹകരണസംഘം | 2015-16-I&II അർദ്ധവർഷം |
| 6 | തായന്നൂർ ക്ഷീരോൽപ്പാദന സഹകരണസംഘം | 2015-16-I&II അർദ്ധവർഷം |
| 7 | എണ്ണപ്പാറ ക്ഷീരോൽപ്പാദന സഹകരണസംഘം | 2015-16.I&II അർദ്ധവർഷം |
| 8 | പാറപ്പള്ളി-വുഡ് ഇൻഡസ്ട്രീസ്,മുട്ടിച്ചരൽ | 2015-16.I&II അർദ്ധവർഷം |
| 9 | വനിത സർവ്വീസ് സഹകരണ സംഘം എണ്ണപ്പാറ | 2015-16.I&II അർദ്ധവർഷം |

| | | |
|---|---|---|
| 10 | ഉദയപുരം വനിത സർവ്വീസ് സഹകരണ സംഘം | 2015-16.I&II അർദ്ധവർഷം |
| 11 | ഉദയപുരം-ലേബർകോൺട്രാക്ടേഴ്സ് സൊസൈറ്റി,ചുള്ളിക്കര | 2015-16.I&II അർദ്ധവർഷം |

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-3 പെർമിറ്റ് ഫീ ഈടാക്കിയതിൽ കുറവ്

പഞ്ചായത്തിലെ 2015-16 വർഷത്തെ ബിൽഡിംഗ് പെർമിറ്റ് രജിസ്റ്ററും ഫയലും പരിശോധിച്ചതിൽ പെർമിറ്റ് ഫീ ഈടാക്കിയതിൽ കുറവ് വന്നിട്ടുണ്ട്. ആയത് പരിശോധിച്ച ഉത്തരവാദിയവരിൽ നിന്ന് ഈടാക്കി തനത് ഫണ്ടിലേക്ക് വരവ് വെക്കേണ്ടതാണ്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേരും വിലാസവും | ഫയൽ നം. | പ്ലിന്ത് ഏരിയ | ഈടാക്കിയ തുക | രശീതി നം തിയ്യതി | ഈടാക്കേണ്ടിയിരുന്ന തുക | കുറവ് |
|---|---|---|---|---|---|---|---|
| 1 | Asharaf Kannoth<br>S/o Ubaid, Kannoth | 9872/15 | GF-177.18m2<br>FF-312.67m2<br>SR-19.21 m2<br>(com) 99.09 m2 | 532.00<br>--<br>58.00<br>495.00 | 3431 dt 21-11-2015 | 532.00<br>938.00<br>58.00<br>495.00 | 938.00 |

## 2-4 തനത് വരുമാന ഇനങ്ങളിലെ രജസിറ്ററിലെ അപാകതകൾ

സ്ഥാപനം സൂക്ഷിക്കുന്ന തനതു് വരുമാന ഇനങ്ങളായ ഡി.&ഒ. ലൈസൻസ് ഫീ, തൊഴിൽ നികുതി ട്രേഡേഴ്സ് എന്നീ രജിസ്റ്ററിലെ വാർഷിക സാക്ഷ്യപത്രം പ്രകാരം സാക്ഷ്യപ്പെടുത്തിയ ഡിമാന്റ്, കലക്ഷൻ, ബാലൻസ് 2015-16 ലെ AFS മായി പൊരുത്തപ്പെടുന്നില്ല. ആയതിനാൽ തനത് വരുമാന ഇനങ്ങളിലെ കൃത്യത ഓഡിറ്റിൽ പരിശോധിക്കാൻ സാധിച്ചിട്ടില്ല. ആയത് കാലികമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-5 ടെണ്ടർ സമർപ്പണ ഫീസ് പഞ്ചായത്തിന് ലഭിച്ചിട്ടില്ല.

2015-16 വർഷത്തിൽ ഇ. ടെണ്ടർ നടത്തിയ പ്രവൃത്തികളിൽ, ടെണ്ടർ സമർപ്പിച്ച കരാറുകാർ ഓൺലൈൻ ആയി അടച്ച ബിഡ് സമർപ്പണ ഫീസ് നാളിതു വരെ പഞ്ചായത്തിന് ലഭിച്ചിട്ടില്ല. ഈ തുകകൾ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ കെട്ടിക്കിടക്കുകയാണ്. തുകകളുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | ടെണ്ടർ നം | ക്രമ നം | പ്രവൃത്തിയുടെ പേര്, ഒരു ടെണ്ടർ സമർപ്പിക്കുന്നതിനുള്ള ഫീസ് | പങ്കെടുത്ത കരാറുകാരുടെ എണ്ണം | പഞ്ചായത്തിന് ലഭിക്കേണ്ടിയിരുന്ന ഫീസ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | AE/lsgd /KBGP/1 /15-16 | 1 | പാറപ്പള്ളി ഗ്രാമസഭാ കേന്ദ്രം നിർമാണം,<br>ഒരു ടെണ്ടർ സമർപ്പിക്കുന്നതിനുള്ള ഫീസ്-5,000 | 3 | 15,000 |
| | | 2 | കാലിച്ചാനടുക്കം ഗ്രാമസഭാ കേന്ദ്രം നിർമാണം,<br>ഒരു ടെണ്ടർ സമർപ്പിക്കുന്നതിനുള്ള ഫീസ്-5,000 | 3 | 15,000 |
| 2 | AE/lsgd /KBGP/2 /15-16 | 3 | അടുക്കം പാലക്കാൽ റോഡ് ടാറിംഗ്<br>ഒരു ടെണ്ടർ സമർപ്പിക്കുന്നതിനുള്ള ഫീസ്-1,200 | 1 | 1,200 |
| | | 4 | ഉരുപുരം പാടി ബാളൂർ റോഡ് ടാറിംഗ്<br>ഒരു ടെണ്ടർ സമർപ്പിക്കുന്നതിനുള്ള ഫീസ്-1,200 | 2 | 2,400 |
| | | 5 | പറക്കളായി വയമ്പ് പോർക്കളം റോഡ് ടാറിംഗ്<br>ഒരു ടെണ്ടർ സമർപ്പിക്കുന്നതിനുള്ള ഫീസ്-1,200 | 2 | 2,400 |
| | | 6 | മുക്കുഴി മോതിരക്കാട് റോഡ് ടാറിംഗ്<br>ഒരു ടെണ്ടർ സമർപ്പിക്കുന്നതിനുള്ള ഫീസ്- 1,400 | 3 | 4,200 |
| | | 7 | എണ്ണപ്പാറ സർക്കാറി റോഡ് ടാറിംഗ്<br>ഒരു ടെണ്ടർ സമർപ്പിക്കുന്നതിനുള്ള ഫീസ്-1,600 | 2 | 3,200 |
| | | 8 | പാങ്ങോട് | 1 | 1,600 |

| | | | | | |
|---|---|---|---|---|---|
| | | | പിണ്ടിക്കടവ് റോഡ് ടാറിംഗ്<br>ഒരു ടെണ്ടർ സമർപ്പിക്കുന്നതിനുള്ള ഫീസ്-1,600 | | |
| | | 9 | ആനപ്പെട്ടി കായക്കുന്ന് ഭജന മഠം റോഡ് ടാറിംഗ്<br>ഒരു ടെണ്ടർ സമർപ്പിക്കുന്നതിനുള്ള ഫീസ്-1,500 | 2 | 3,000 |
| | | 10 | ഉദയപുരം tുങ്ങൽ റോഡ്റീ ടാറിംഗ്<br>ഒരു ടെണ്ടർ സമർപ്പിക്കുന്നതിനുള്ള ഫീസ്-1,400 | 1 | 1,400 |
| 3 | AE/lsgd /KBGP/3 /15-16 | 11 | കവുങ്ങിനടി കൃഷി വിജ്ഞാന കേന്ദ്രം<br>ഒരു ടെണ്ടർ സമർപ്പിക്കുന്നതിനുള്ള ഫീസ്-1,500 | 1 | 1,500 |
| | | 12 | എണ്ണപ്പാറ പി എച്ച് സി റിപ്പയർ<br>ഒരു ടെണ്ടർ സമർപ്പിക്കുന്നതിനുള്ള ഫീസ്-1,200 | 2 | 2,400 |
| | | 13 | കോളിയാർ അട്ടക്കണ്ടം റോഡ് ടാറിംഗ്<br>ഒരു ടെണ്ടർ സമർപ്പിക്കുന്നതിനുള്ള ഫീസ്- 1,800 | 4 | 7,200 |
| | | 14 | ബാനം പെരിങ്ങത്തടം റോഡ് ടാറിംഗ്<br>ഒരു ടെണ്ടർ സമർപ്പിക്കുന്നതിനുള്ള ഫീസ്-1,400 | 4 | 5,600 |
| | | 15 | എണ്ണപ്പാറ മുരിക്കീർ കരിയത്ത് റോഡ് | 4 | 4,800 |

| | | | | | |
|---|---|---|---|---|---|
| | | | ടാറിംഗ്<br><br>ഒരു ടെണ്ടർ സമർപ്പിക്കുന്നതിനുള്ള ഫീസ്-1,200 | | |
| | | 16 | അട്ടേങ്ങാനം നായ്ക്കയം റോഡ് ടാറിംഗ്<br><br>ഒരു ടെണ്ടർ സമർപ്പിക്കുന്നതിനുള്ള ഫീസ്-1,800 | 4 | 7,200 |
| | | 17 | താന്നിക്കാൽ വേങ്ങച്ചേരി റോഡ് ടാറിംഗ്<br><br>ഒരു ടെണ്ടർ സമർപ്പിക്കുന്നതിനുള്ള ഫീസ്-1,400 | 3 | 4,200 |
| | AE/lsgd /KBGP/4 /15-16 | 16 | എരുമക്കുളം അങ്കണവാടി നിർമാണം<br><br>ഒരു ടെണ്ടർ സമർപ്പിക്കുന്നതിനുള്ള ഫീസ്-1,600 | 2 | 3,200 |
| | | 17 | ആനപ്പെട്ടി മൂപ്പിൽ റോഡ് ടാറിംഗ്<br><br>ഒരു ടെണ്ടർ സമർപ്പിക്കുന്നതിനുള്ള ഫീസ്-1,600 | 6 | 9,600 |
| | | 18 | പുളിക്കല്ല് മണിയൂർ റോഡ് ടാറിംഗ്<br><br>ഒരു ടെണ്ടർ സമർപ്പിക്കുന്നതിനുള്ള ഫീസ്-1,400 | 3 | 4,200 |
| | | 19 | കവുങ്ങനടി കൃഷി വിജ്ഞാന കേന്ദ്രം നിർമാണം<br><br>ഒരു ടെണ്ടർ സമർപ്പിക്കുന്നതിനുള്ള ഫീസ്-1,500 | 3 | 4,500 |

ആകെ- 1,03,800

മേൽ തുകകൾ പഞ്ചായത്തിന് ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് അസിസ്റ്റന്റ് എഞ്ചിനീയർ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുമായി കത്തിടപാടുകൾ നടത്തിയിട്ടുണ്ടെങ്കിലും തുക നാളിതു വരെ പഞ്ചായത്തിന് ലഭിച്ചിട്ടില്ല. ആയതിനാൽ പഞ്ചായത്തിന് ലഭിക്കേണ്ടിയിരുന്ന തുക എത്രയും പെട്ടെന്ന് ലഭിക്കാനുള്ള നടപടികൾ കൈക്കൊള്ളേണ്ടതും വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 കണ്ടിൻജന്റ് ചെലവ് - പരിധിയിൽ കടന്ന് ചെലവഴിച്ചത്.

വൗച്ചർ നം.21500203/10.7.15 – 11,234/- രൂപ

മേൽ വൗച്ചർ പ്രകാരം 2015ജൂൺ മാസം 11,234/- രൂപ റിഫ്രഷ്മെന്റ് ചാർജ്ജിനത്തിൽ ചെലവഴിച്ചിട്ടുണ്ട്. തൃപ്തി കുടുംബശ്രീ കാന്റീൻ, അട്ടേങ്ങാനത്തിന്റെ ബിൽ നം.96/2.7.2015 പ്രകാരമാണ് തുക നൽകിയത്. സർക്കാർ ഉത്തരവ് നമ്പർ 271/2004 /ത.സ്വ.ഭ.വ/14.9.04 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ കണ്ടിൻജന്റ് ചെലവ് ഒറ്റത്തവണ 5,000/-രൂപ, പ്രതിമാസം 10,000/- രൂപ എന്നിങ്ങനെ നിജപ്പെടുത്തിയിട്ടുണ്ട്. ഇവിടെ 1,234/-രൂപ പരിധി കടന്ന് ചെലവഴിച്ചിട്ടുണ്ട്. ഇതിന് ഓഡിറ്റ് എൻക്വയറി നം. 4/26.10.2016 പ്രകാരം ഇതിന് വിശദീകരണം ചോദിച്ചതിന് മറുപടിനൽകിയിട്ടില്ല. ഭാവിയിൽ ഇത്തരം ചെലവുകൾ പരിധിയിൽ നിജപ്പെടുത്തേണ്ടതാണ്. അതുപോലെ എല്ലാ മാസത്തിലും റിഫ്രഷ്മെന്റ് ചാർജ്ജിനത്തിൽ തുക ചെലവഴിക്കുന്നുണ്ട്. തൃപ്തി കുടുംബശ്രീ കാന്റീൻ, അട്ടേങ്ങാനം ആണ് ഇത് വിതരണം ചെയ്യുന്നത്. പക്ഷെ അവർ ബില്ല് സമർപ്പിക്കുമ്പോൾ ആ മാസത്തെ ആകെ ചെലവ് തുക മാത്രമെ ബില്ലിൽ കാണിക്കുന്നുള്ളൂ, ഇത്തരം ബില്ലുകൾ പരിഗണിക്കുവാൻ പാടില്ല. ഓരോ തവണ വിതരണം ചെയ്ത ഭക്ഷണസാധനങ്ങളുടെയും എണ്ണം, വില, എത് തിയ്യതിയിൽ എന്നിവ കാണിക്കുന്ന വെവ്വേറെ ബില്ലുകൾ സമർപ്പിക്കേണ്ടതാണ്. അതുപോലെ യോഗങ്ങളുടെ മിനിട്സിന്റെ പകർപ്പ് വൗച്ചറിനോടൊപ്പം ഉള്ളടക്കം ചെയ്യണം.

## 3-2 ട്രഷറിയിൽനിന്നും പിൻവലിച്ച തുക ചെലവ് ചെയ്തിട്ടില്ല-

നിർവഹണ ഉദ്യോഗസ്ഥൻ- വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ

ബിൽ നം. 2/15-16 തീയതി 20-3-2016, 1,00,000 രൂപ

മേൽ വിവരിച്ച പ്രകാരം പിൻവലിച്ച ഒരു ലക്ഷം രൂപയിൽ നിന്നും 25,000 രൂപ ട്രഷറിയിൽനിന്നും പിൻവലിച്ച് ഭവന നിർമ്മാണ ഗുണഭോക്താവായ ശ്രീ.കാരിക്കുട്ടി എന്നയാൾക്ക് നൽകുന്നതിനു വേണ്ടി സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിൽ നിന്നും ഡി.ഡി. എടുത്തിട്ടുണ്ട്. ( നം-991046 തിയതി 2-4-2016 ) എന്നാൽ നാളിതു വരെ ഗുണഭോക്താവ് ഭവന നിർമ്മാണ പ്രവൃത്തി പൂർത്തീക്കരിക്കാത്തതിനാൽ ഡിഡി ഗുണഭോക്താവിനു നൽകിയിട്ടില്ല. ആയതിനാൽ ഡിഡി ക്യാൻസൽ ചെയ്ത് പണം പഞ്ചായത്ത് ഫണ്ടിലേക്ക് തിരിച്ചടക്കേണ്ടതാണ്.

( ഓഡിറ്റ് അന്വേഷണം നം. L(6)തീ. 28 -10-2016 )

## 3-3 ഫോട്ടോസ്റ്റാറ്റ് മെഷീൻ ചെലവുകൾ - ലേറ്റ് ഫീ നൽകി - ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

ഗ്രാമ പഞ്ചായത്തിലെ ഫോട്ടോസ്റ്റാറ്റ് മെഷീന് കാലാകാലങ്ങളിൽ മെയിന്റനൻസ് നടത്തുന്നതിന് വേണ്ടി ബെസ്റ്റ് ഓഫ് ഫൈൻ സിസ്റ്റംസ് കൊച്ചി എന്ന സ്ഥാപനവുമായി വർക്ക് കോൺട്രാക്ടിൽ ഏർപ്പെടുകയും അവർ അതാത് സമയത്ത് മെയിന്റനൻസ് ജോലികൾ ചെയ്യുകയും ചെയ്യുന്നുണ്ട്. ബെസ്റ്റ് ഓഫ് ഫൈൻ സിസ്റ്റംസ് കൊച്ചിയുമായി ഉണ്ടാക്കിയ കരാർ പ്രകാരം അവർക്ക് തുക നൽകി വരുന്നുണ്ട്. കരാറിലെ വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് വ്യക്തമല്ല, കാരണം കരാർ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. തുക നൽകിയ ബില്ലുകൾ പരിശോധന നടത്തിപ്പോൾ എല്ലാ ബില്ലിലും ലേറ്റ് ഫീ ഇനത്തിൽ തുക രേഖപ്പെടുത്തിയിട്ടുണ്ട്. ബിൽ തുക കരാർ പ്രകാരമുള്ള തിയ്യതിയിൽ ഒടുക്കാത്തതിനാലാണ് ലേറ്റ് ഫീ ഒടുക്കേണ്ടി വരുന്നത്.വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| വൗച്ചർനം.തിയ്യതി | തുക | വർക്ക് കോൺട്രാക്റ്റ് പ്രകാരം തുക നൽകേണ്ട തിയ്യതി. | നൽകേണ്ട തുക | നൽകിയ തുക ബിൽനം.തിയ്യതി | തുക നൽകാൻ വൈകിയതിന് ലേറ്റ് ഫീ ഈടാക്കിയത്. ഒടുക്കിയ തിയ്യതി. |
|---|---|---|---|---|---|
| 21500152/ 23.6.15 | 2451 | 15.4.15 | 1371/- | 1621/- (4557/31.3.15) | 250/-(23.6.15) |
| | | 13.6.15 | 580/- | 830.48/- (639/29.5.15) | 250/-(23.6.15) |
| 21500477/ 25.11.15 | 2132 | 14.8.15 | 1882/- | 2132/- (84/30.7.15) | 250/-(25.11.15) |
| | | | | ആകെ | 750/- |

മേൽ വിവരിച്ചതു പ്രകാരം 750/- രൂപ ലേറ്റ് ഫീ ഇനത്തിൽ നൽകിയിട്ടുണ്ട്. കരാറിൽ പറഞ്ഞ തിയ്യതിയിൽ കൃത്യമായി തുക ഒടുക്കാത്തതിനാലാണ് ലേറ്റ് ഫീ നൽകേണ്ടി വന്നത്. ഇതിന് ഓഡിറ്റ് എൻക്വയറി നം.03/26.10.16 പ്രകാരം വിശദീകരണം ചോദിച്ചതിന് മറുപടി നൽകിയിട്ടില്ല. അതിനാൽ അധികം നൽകിയ 750/- രൂപ ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്. ബെസ്റ്റ് ഓഫ് ഫൈൻ സിസ്റ്റംസ് കൊച്ചിയുമായി ഉണ്ടാക്കിയ കരാർ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

## 3-4 ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - ബ്ലോക്ക് പഞ്ചായത്ത് നിർദ്ദേശ പ്രകാരം തുക ചെലവഴിച്ചു, തുക തിരികെ ലഭിച്ചില്ല.

വൗച്ചർ നം.21500612/27.1.16 – 6068/- രൂപ

ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് IPPE-II സർവ്വേ നടത്തുന്നതിന് ഫോറം പ്രിന്റ് ചെയ്യാൻ ബിൽ നം. 881/21.12.15 പ്രകാരം സ്മാർട്ട് കോപ്പി സെന്റർ കാഞ്ഞങ്ങാടിന് തുക നൽകിയത്,ചെക്ക് നം.385314/27.1.16. പരപ്പ ബ്ലോക്ക് പഞ്ചായത്തിന്റെ നിർദ്ദേശപ്രകാരം തുക ചെലവഴിച്ചു എന്നാണ് വൗച്ചറിൽ രേഖപ്പെടുത്തിയത്, ഇതിന്റെ രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. കൂടാതെ ടി തുക തിരികെ ലഭിക്കുവാൻ കത്ത് നം. എ3-733/16/7.1.16 പ്രകാരം

ആവശ്യപ്പെട്ടിട്ടുണ്ട്, തുക തിരികെ ലഭിച്ചുവോ എന്ന് വ്യക്തമാക്കിയിട്ടില്ല. തുക തിരികെ ലഭിച്ചതിന്റെ രേഖകൾ ഹാജരാക്കാൻ ഓഡിറ്റ് എൻക്വയറി നം.04/26.10.16 പ്രകാരം ആവശ്യപ്പെട്ടതിന് മറുപടി നൽകിയിട്ടില്ല.അതിനാൽ ടി തുക തിരികെ ലഭിക്കുവാൻ അടിയന്തിര നടപടി സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്, അല്ലാത്തപക്ഷം തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-5 ഗ്രാമപഞ്ചായത്തിൽ സൗരോർജ്ജ വൈദ്യുതിസംവിധാനം സ്ഥാപിക്കൽ - അപാകത.

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി.

പ്രൊജക്റ്റ് നം.168/16

ബിൽ നം.34/2015-16/29.3.16 – 7,08,263/-

ഗ്രാമ പഞ്ചായത്തിൽ 2015-16 വർഷത്തിൽ സൗരോർജ്ജ വൈദ്യുതിസംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. സൺ എനർജി സോളാർ സൊല്യൂഷൻസ്, ചെറുവത്തൂർ എന്ന സ്ഥാപനത്തിന്റെ 15.9.2015 ലെ ടെണ്ടർ അംഗീകരിച്ചാണ് ഗ്രാമപഞ്ചായത്തിൽ സൗരോർജ്ജ വൈദ്യുതിസംവിധാനം സ്ഥാപിച്ചത്. 26.3.2016 ന് പദ്ധതി പൂർത്തീകരിക്കുകയും ഇൻവോയ്സ് നമ്പർ 2603/16/26.3.2016 പ്രകാരം ബില്ല് സമർപ്പിക്കുകയും തുക ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. വിദ്യുച്ഛക്തി വകുപ്പുമായി ബന്ധപ്പെട്ട് ഓൺഗ്രിഡ്/ഓഫ്ഗ്രിഡ് സംവിധാനമുള്ള സൗരോർജ്ജ വൈദ്യുതിസംവിധാനം എന്നാണ് അംഗീകരിച്ച ടെണ്ടറിൽ രേഖപ്പെടുത്തിയിരിക്കുന്നത്. ഈ പദ്ധതി നടപ്പിലാക്കിയതിൽ താഴെപ്പറയുന്ന കാര്യങ്ങൾ ഓഡിറ്റ് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

a)വിദ്യുച്ഛക്തി വകുപ്പിന് വൗച്ചർ നം.21500490/3011.15 പ്രകാരം ഓൺഗ്രിഡ്/ഓഫ്ഗ്രിഡ് സംവിധാനത്തിന് അനുമതിക്കുവേണ്ടി 6,000/- രൂപ ഒടുക്കിയിട്ടുണ്ട്. 1കിലോവാട്ടിന് 1,000/- രൂപ പ്രകാരം 6 കിലോവാട്ട് ശേഷിയുള്ള സംവിധാനത്തിനാണ് തുക ഒടുക്കിയത്. ഇൻവോയ്സ് നമ്പർ 2603/16/26.3.2016 പ്രകാരം 11 കിലോവാട്ട് എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എത്ര കിലോവാട്ട് ശേഷിയുള്ള പ്ലാന്റ് ആണ് യഥാർത്ഥത്തിൽ സ്ഥാപിച്ചത് എന്നതിന്റെ രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

b)വിദ്യുച്ഛക്തി വകുപ്പിന് തുക ഒടുക്കിയിട്ടുണ്ട്, പക്ഷെ വിദ്യുച്ഛക്തി വകുപ്പുമായി ബന്ധപ്പെട്ട് ഓൺഗ്രിഡ്/ഓഫ്ഗ്രിഡ് സംവിധാനം ചെയ്തിട്ടുണ്ടോ എന്നതിന്റെ രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

c)ഓൺഗ്രിഡ്/ഓഫ്ഗ്രിഡ് സംവിധാനം ഉണ്ടെങ്കിൽ ഉഭയദിശാമീറ്റർ, എനർജിമീറ്റർ എന്നിവ സ്ഥാപിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കിയിട്ടില്ല.

d)ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് ഓഫീസിൽ നിന്നും എനർജൈസേഷൻ അപ്രൂവൽ വാങ്ങിയിതിന്റെ രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

e)പ്രൊജക്റ്റ് നടപ്പിലാക്കുമ്പോൾ അനർട്ടിൽ നിന്നും സോളാർ സിസ്റ്റം സ്ഥാപിക്കുമ്പോൾ നിയമാനുസൃതമായി ലഭിക്കേണ്ട സബ്സിഡി ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കിയിട്ടില്ല.

f)പർച്ചേസിംഗ് കമ്മിറ്റി മിനിട്സ്, മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട്, തുക നൽകിയതിന്റെ രേഖകൾ, കൈപ്പറ്റ് രശീത്, എന്നിവ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

ഓഡിറ്റ് എൻക്വയറി നം.8/28.10.16 പ്രകാരം മേൽവിവരിച്ച രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ടതിന് മറുപടി നൽകിയിട്ടില്ല. അതിനാൽ 7,08,263/-രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു, ആവശ്യപ്പെട്ട എല്ലാ രേഖകളും പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

## 3-6 ഗ്രാമപഞ്ചായത്തിൽ തെരുവ് വിളക്ക് സ്ഥാപിക്കൽ-അപാകത.

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി.

പ്രൊജക്ട് നം.199/16

ബിൽ നം.35/2015-16/28.3.16 – 4,99,896/-

ഗ്രാമപഞ്ചായത്തിൽ തെരുവ് വിളക്ക് ,സ്ഥാപിക്കാനായി ഇൻവോയ്സ് നം.1140/28.3.16 പ്രകാരം KREWS കാസറഗോഡിൽ നിന്നും 72 എണ്ണം LED 24 watts തെരുവ് വിളക്ക് സെറ്റ് വാങ്ങിയിട്ടുണ്ട്.ഡി.ഡി. നമ്പർ 991941/14.7.16 പ്രകാരം 4,99,896/-രൂപ നൽകിയിട്ടുണ്ട്. എന്നാൽ ഈ തെരുവ് വിളക്കുകൾ എവിടെയൊക്കെ സ്ഥാപിച്ചു എന്നതിന്റെ രേഖകൾ, മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് എന്നിവ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ഓഡിറ്റ് എൻക്വയറി നം.8/28.10.16 പ്രകാരം വിശദികരണം ആവശ്യപ്പെട്ടതിന് മറുപടി നൽകിയിട്ടില്ല.അതിനാൽ 4,99,896/--രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

## 3-7 ഗ്രാമപഞ്ചായത്തിൽ ISO സർട്ടിഫിക്കേഷൻ - അപാകത.

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി.

പ്രൊജക്ട് നം.172/16

1)വൗച്ചർ നം. 22500559/23.12.15 – 50,960/-കൺസൽട്ടൻസി ഏജൻസി നിയമനം.

ISO സർട്ടിഫിക്കേഷൻ കൺസൽട്ടൻസി എജൻസിയായി ZEALOUS Consultancy Serviceനെ ഭരണസമിതി തീരുമാനം നം.34/15(6)/13.3.15 പ്രകാരം നിയമിച്ചിട്ടുണ്ട്. ഇൻവോയ്സ് നം. ZEL/IS/15/05/Dt.30.9.15 പ്രകാരം അവർക്ക് 50,960/-രൂപ നൽകിയിട്ടുണ്ട്. എന്നാൽ കൺസൽട്ടൻസി എജൻസി എന്ന നിലയിൽ ഇവർ നടത്തിയ പ്രവർത്തനങ്ങൾ സംബന്ധമായ രേഖകൾ, കരാർ ഒപ്പിട്ടത്, തുക നൽകിയതിന്റെ രേഖകൾ,കൈപ്പറ്റ് രശീത്, എന്നീ രേഖകളൊന്നും ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

2)വൗച്ചർ നം. 22500560/26.12.15 – 39,102/-സർട്ടിഫിക്കേഷൻ ഏജൻസി നിയമനം.

ഗ്രാമ പഞ്ചായത്തിന് ISO സർട്ടിഫിക്കേഷൻ ലഭിക്കുന്നതിന് സർട്ടിഫിക്കേഷൻ എജൻസിയായി ഭരണസമിതി തീരുമാനം നം.34/15(6)/13.3.15 പ്രകാരം TQ Service,TATA Projects Ltd. ഹൈദരാബാദിനെ നെ നിയമിച്ചിട്ടുണ്ട്. ഇൻവോയ്സ് നം.COI 1369/15-16/QMS/170/28.9.15 പ്രകാരം ഇവർക്ക് 39,102/-രൂപ നൽകിയിട്ടുണ്ട്. എന്നാൽ സർട്ടിഫിക്കേഷൻ എജൻസി എന്ന നിലയിൽ ഇവർ നടത്തിയ പ്രവർത്തനങ്ങൾ സംബന്ധമായ രേഖകള്, കരാർ ഒപ്പിട്ടത്, തുക നൽകിയതിന്റെ രേഖകൾ, കൈപ്പറ്റ് രശീത് എന്നീ രേഖകളൊന്നും ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

ഓഡിറ്റ് എൻക്വയറി നം.8/28.10.16 പ്രകാരം മേൽ ക്രമ നംമ്പർ 1,2 എന്നിവയിൽ പറഞ്ഞ രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ടതിന് മറുപടി നൽകിയിട്ടില്ല.അതിനാൽ ആകെ 90,062/-രൂപ

(50960+39102)ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

## 3-8 ഒടയംചാൽ ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് -കൺസൽട്ടൻസി ഏജൻസി നിയമനം,സ്ട്രക്ചറൽ ഡിസൈൻ ഏജൻസി നിയമനം- അപാകത.

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി.

പ്രൊജക്ട് നം.221/16

1)വൗച്ചർ നം. 22500108/27.5.15 – 1,50,000/-കൺസൽട്ടൻസി ഏജൻസി.

ഗ്രാമപഞ്ചായത്ത് ഒടയംചാലിൽ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണത്തിന് കൺസൽട്ടൻസി ഏജൻസിയായി ഭരണസമിതി തീരുമാനം നം.44/15(3)/25.4.15 പ്രാകാരം എം.എ ബിൽഡേർസ്, കാഞ്ഞങ്ങാടിനെ നിയമിച്ചിട്ടുണ്ട്. ചീഫ് എഞ്ചിനീയർ തദ്ദേശസ്വയംഭരണ വകുപ്പ് കത്ത് നം.DB5/10866/13/CE/LSGD/23.6.14 പ്രകാരമാണ് സ്വകാര്യ കൺസൽട്ടൻസി എജൻസിയെ നിയമിച്ചത്. ആ കത്തിൽ ബഹുനിലകെട്ടിടം നിർമ്മിക്കാനുള്ള സാമ്പത്തിക ഭദ്രത ഉണ്ടെന്ന് ഉറപ്പുവരുത്തണം എന്ന് പറയുന്നുണ്ട്. എം.എ ബിൽഡേർസ് സമർപ്പിച്ച നമ്പരും,തിയ്യതിയുമില്ലാത്ത കത്ത് പ്രകാരമാണ് 1,50,000/-രൂപ അവർക്ക് നൽകിയത്.ഡിഡി നം.906437/29.5.15. ഈ തുക ചെലവഴിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കണ്ടെത്തിയിട്ടുണ്ട്.

1) കൺസൽട്ടൻസി ഏജൻസി എന്ന നിലയിൽ ഇവർ നടത്തിയ പ്രവർത്തനങ്ങൾ സംബന്ധമായ രേഖകൾ ഹാജരാക്കിയിട്ടില്ല.

2)ടെണ്ടർ നടപടികൾ അവ്യക്തമാണ്. ലഭിച്ച എല്ലാ ടെണ്ടറുകളും പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ടെണ്ടർ രജിസ്റ്റർ പരിശോധന നടത്തിയപ്പോൾ അതിൽ രണ്ട് സ്ഥാപനങ്ങളുടെ പേര് മാത്രം എഴുതിയിട്ടുണ്ട്, 1)എം.എ ബിൽഡേർസ്,കാഞ്ഞങ്ങാട് 2) കെ.പി.ഷരീഫ് എ.കെ.ഗ്രൂപ്പ് ,കാഞ്ഞങ്ങാട് പക്ഷെ തുക രേഖപ്പെടുത്തിയിട്ടില്ല.

3)എം.എ ബിൽഡേർസ്,കാഞ്ഞങ്ങാടുമായി കരാർ ഒപ്പിട്ടത് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

4)എം.എ ബിൽഡേർസ്,കാഞ്ഞങ്ങാടിന് തുക നൽകിയതിന്റെ കൈപ്പറ്റ് രശീത് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

2)വൗച്ചർ നം. 22500191/7.6.15 – 1,46,068/-സ്ട്രക്ചറൽ ഡിസൈൻ ഏജൻസി.

ഒടയംചാൽ ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണത്തിന് സ്ട്രക്ചറൽ ഡിസൈൻ തയ്യാറാക്കിയതിന് എൽ.ബി.എസ്. Engg.College,കാസറഗോഡ് ആണ്. ഇതിന് ആകെ 1,46,068/-രൂപ നൽകിയിട്ടുണ്ട്. ഡിഡി നം.879286/7.7.15. എന്നാൽ ഇവർ തയ്യാറാക്കിയ സ്ട്രക്ചറൽ ഡിസൈൻ, കരാർ ഒപ്പിട്ടത്, ഇവർ സമർപ്പിച്ച ബില്ല്, തുക നൽകിയതിന്റെ കൈപ്പറ്റ് രശീത് എന്നീ രേഖകളൊന്നും ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

ഓഡിറ്റ് എൻക്വയറി നം.9/28.10.16 പ്രകാരം മേൽ ക്രമ നമ്പർ 1,2 എന്നിവയിൽ പറഞ്ഞ രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ടതിന് മറുപടി നൽകിയിട്ടില്ല. അതിനാൽ ആകെ 2,96,068/-രൂപ (1,50,000+1,46,068)ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

## 3-9 സി.ഡി.എസ്,ഘടകസ്ഥാപനങ്ങൾ എന്നിവയ്ക്ക് ഫർണ്ണിച്ചർ പദ്ധതി - അപാകത.

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പ്രൊജകട് നം.176/16 –

ബിൽ നം.20/2015-16/11.2.16 – 3,84,653/-

2015-16 വർഷത്തിൽ സി.ഡി.എസ്,ഘടകസ്ഥാപനങ്ങൾ എന്നിവയ്ക്ക് ഫർണ്ണിച്ചർ നൽകുന്നതിനായി സെക്രട്ടറി നടപ്പിലാക്കിയ ഈ പദ്ധതിക്കായി അശ്വിൻ ഇൻഡസ്ട്രീസ്, കാഞ്ഞങ്ങാടിൽ നിന്നും 5 റിവോൾവിങ്ങ് ചെയർ, 5 അലമാര, 8റാക്ക്, 5മേശ, 660ഫൈബർ ചെയർ എന്നിവ വാങ്ങിയിട്ടുണ്ട്. ബിൽ നം.16/15.7.15. ഡിഡി നം.989839/5.3.16 പ്രകാരം തുക നൽകിയിട്ടുണ്ട്. ഈ പദ്ധതി നടത്തിപ്പിൽ താഴെപ്പറയുന്ന അപാകതകൾ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

1)ഈ ഫർണ്ണിച്ചറുകൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തത് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

2)ഈ പദ്ധതി കൊണ്ട് സി.ഡി.എസ്/ഘടകസ്ഥാപനങ്ങൾ എന്നിവക്ക് ഫർണ്ണിച്ചർ വാങ്ങലാണ് ലക്ഷ്യമിട്ടത്. ഗ്രാമ പഞ്ചായത്ത് ആവശ്യത്തിലേക്കും, വിവിധ ഗ്രാമസേവാ കേന്ദ്രങ്ങൾക്കുമാണ് ചെയറുകൾ വിതരണം ചെയ്തത്. ഗ്രാമസേവാ കേന്ദ്രങ്ങൾക്ക് അടിസ്ഥാന സൗകര്യമൊരുക്കാൻ 174/16 എന്ന പദ്ധതിയിൽ 1,00,000/- രൂപ വകയിരുത്തുകയും അതിൽ 19800/- രൂപ മാത്രം ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ഇതിന് വിശദീകരണം നൽകിയിട്ടില്ല.

3)ഫർണ്ണിച്ചറുകൾ വിതരണം നടത്തിയതിന്റെ മുഴുവൻ വിവരങ്ങളും ഹാജരാക്കിയിട്ടില്ല. 5 റിവോൾവിങ്ങ് ചെയർ, 5 അലമാര, 8റാക്ക്, 5മേശ എന്നിവ വിതരണം ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയെങ്കിലും, 660 ഫൈബർ ചെയർ വിതരണം ചെയ്തതിന്റെ രേഖകൾ കൃത്യമായി ഹാജരാക്കിയിട്ടില്ല.

4)660 ഫൈബർ ചെയറുകളിൽ 545 ഫൈബർ ചെയറുകൾ വിതരണം ചെയ്തിട്ടുണ്ട്. ഇതിൽ 90 ഫൈബർ ചെയർ ഗ്രാമ പഞ്ചായത്ത് ആവശ്യത്തിലേക്കും, ബാക്കി 455 ഫൈബർ ചെയർ വിവിധ ഗ്രാമസേവാ കേന്ദ്രങ്ങൾക്കും വേണ്ടി ഏറ്റെടുത്തു എന്നുമാണ് കൈപ്പറ്റിയ രശീതിൽ കാണുന്നത്. ബാക്കി 125 ഫൈബർ ചെയറുകൾ എന്തു ചെയ്തു എന്ന് വ്യക്തമാക്കിയിട്ടില്ല.

5)90 ഫൈബർ ചെയർ ഗ്രാമ പഞ്ചായത്ത് കൈപ്പറ്റിയത് 31.10.2016 ന് ഭൗതികപരിശോധന നടത്തിയപ്പോൾ 27 എണ്ണം മാത്രമെ ഗ്രാമ പഞ്ചായത്തിൽ കണ്ടെത്താൻ കഴിഞ്ഞുള്ളൂ, ബാക്കി 63 ഫൈബർ ചെയറുകൾ എവിടെ എന്ന് വ്യക്തമാക്കിയിട്ടില്ല.

6)455 ഫൈബർ ചെയർ വിവിധ ഗ്രാമസേവാ കേന്ദ്രങ്ങൾക്ക് വേണ്ടി ഏറ്റെടുത്തതിന്റെ വിവരം താഴെ ചേർക്കുന്നു.

| വാർഡ് നം. | എണ്ണം | കൈപ്പറ്റിയ ഉദ്യോഗസ്ഥൻ |
|---|---|---|
| 5 | 50 | ലീന JPHN,PHC, എണ്ണപ്പാറ |
| 4 | 70 | അബ്ദുള്ള, VEO |
| 9 | 30 | പത്മനാഭൻ നായർ,JHI,PHC, എണ്ണപ്പാറ |

| | | |
|---|---|---|
| 3 | 40 | സബീന,JPHN,PHC, എണ്ണപ്പാറ |
| 12 | 25 | ശ്രീദേവി.JPHN,PHC, എണ്ണപ്പാറ |
| 1 | 30 | ബിന്ദു.JPHN,PHC, എണ്ണപ്പാറ |
| 17 | 30 | ബൈജു. JHI,PHC, എണ്ണപ്പാറ |
| 16 | 30 | അംബിക.വി.കെ.JPHN,PHC, എണ്ണപ്പാറ |
| 13 | 30 | മോഹനൻ. JHI,PHC, എണ്ണപ്പാറ |
| 11 | 30 | ബേബി.LI കാലിച്ചാനടുക്കം. |
| 7 | 30 | ബേബി,ക്ലാർക്ക് |
| 14 | 30 | രാമചന്ദ്രൻ.വിവി |
| 10 | 30 | സതീശൻ.കെ.എൻ,ക്ലാർക്ക്. |
| ആകെ | 455 | |

ഗ്രാമസേവാ കേന്ദ്രങ്ങൾക്ക് വേണ്ടി ഫൈബർ ചെയർ ഏറ്റെടുത്തത് കൂടുതലും PHC, എണ്ണപ്പാറയിലെ ജീവനക്കാരായതിനാൽ ഈ ജീവനക്കാരെ ഓഡിറ്റ് സംഘം നേരിട്ട് കാണുകയുണ്ടായി.അവരിൽ എല്ലാവരും പറഞ്ഞത് അവരാരും ഫൈബർ ചെയറുകൾ കൈപ്പറ്റിയിട്ടില്ല എന്നാണ്. അതിൽ അംബിക.വി.കെ.JPHN,ലീന JPHN, ശ്രീദേവി.JPHN എന്നിവർ ഇക്കാര്യം രേഖാമൂലം എഴുതി നൽകിയിട്ടുണ്ട്. കൂടാതെ അബ്ദുള്ള, VEO യും ഫൈബർ ചെയറുകൾ കൈപ്പറ്റിയിട്ടില്ല എന്ന് രേഖാമൂലം എഴുതി നൽകിയിട്ടുണ്ട്.

ഓഡിറ്റ് എൻക്വയറി നം.10/28.10.16 പ്രകാരം മേൽ സൂചിപ്പിച്ച അപാകതകൾക്ക് വിശദീകരണം ഹാജരാക്കാൻ ആവശ്യപ്പെട്ടതിന് മറുപടി നൽകിയിട്ടില്ല. അതിനാൽ ഈ പദ്ധതിക്കായി ചെലവഴിച്ച ആകെ 3,84,653/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വിതരണം ചെയ്യാത്ത ബാക്കി 125 ഫൈബർ ചെയറുകൾ, ഗ്രാമപഞ്ചായത്തിന് നൽകിയ 63 ഫൈബർ ചെയറുകൾ എന്നിവ എവിടെ എന്നതിനെക്കുറിച്ചും, ജീവനക്കാരുടെ വ്യാജ ഒപ്പിട്ട കൈപ്പറ്റ് രശീത് ഉണ്ടാക്കി ഫൈബർ ചെയർ വിതരണം ചെയ്തത് യഥാർത്ഥത്തിൽ ആര് കൈപ്പറ്റി എന്നതിനെക്കുറിച്ചും വിശദമായ അന്വേഷണം നടത്താൻ ഓഡിറ്റിൽ നിർദ്ദേശിക്കുന്നു.

## 3-10 മരുന്ന് വാങ്ങാൻ അഡ്വാൻസ് നൽകി- മരുന്ന് ലഭിച്ചിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ,ഹോമിയോ ഡിസ്പെൻസറി, ഏരുമക്കുളം

പ്രോജക്ട് നമ്പർ 10/16 – ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന വാങ്ങൽ

ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങുന്നതിനായി 26.02.2016 ലെ ട്രഷറി നമ്പർ ബിൽ നമ്പർ - 01/15-16 പ്രകാരം പിൻവലിച്ച 3,00,000/-രൂപ മുൻകൂറായി ആലപ്പുഴയിലെ കേരള സ്റ്റേറ്റ് ഹോമിയോപതിക്ക് കോ-ഓപ്പറേറ്റീവ് ഫാർമസിക്ക് (ഹോംകോ) നൽകിയിട്ടുണ്ട്. ( ഡി.ഡി.നമ്പർ 989469/28.02.2016). എന്നാൽ ഈ തുകയ്ക്കുള്ള മരുന്നുകൾ നാളിതു വരെ ലഭിച്ചിട്ടില്ല. ഇതു സംബന്ധിച്ച് മെഡിക്കൽ ഓഫീസ്റു ഹോംകോയുമായി കത്തിടപാടുകൾ നടത്തിട്ടുണ്ടെങ്കിലും ഹോംകോയിൽ നിന്ന് മറുപടികളോ മരുന്നോ നാളിതു വരെ ലഭിച്ചിട്ടില്ല. അഡ്വാൻസ് തുക കൈപ്പറ്റി 10 മാസങ്ങൾ കഴിഞ്ഞിട്ടും ഭാഗികമായി പോലും മരുന്ന ലഭ്യമാക്കാൻ കഴിയാത്തത് ഹോംകോയുടെ വീഴ്ചയാണ്. ഈ വിഷയത്തിലേക്ക് പഞ്ചായത്ത് കമ്മിറ്റയുടെ അടിയന്തിര ശ്രദ്ധ പതിയേണ്ടതും മരുന്നുകൾ ഇനിയും കാലവിളംബമില്ലാതെ

ലഭ്യമാക്കുവാനുള്ള നടപടികൾ കൈക്കൊള്ളേണ്ടതുമാണ്.

## 3-11 VG 30 ഗ്രേഡിലുള്ള ടാർ ഉപയോഗിച്ച് നടത്തിയ പ്രവൃത്തിക്ക് VG 10 ഗ്രേഡിലുള്ള ടാറിന്റെ വില അനുവദിച്ചതിനാൽ നഷ്ടം

2015-16 വർഷം നടപ്പിലാക്കിയ ഒരു റോഡ് ടാറിംഗ് പ്രവൃത്തിയിൽ എസ്റ്റിമേറ്റ് പ്രകാരം VG 10 ഗ്രേഡുകളിലുള്ള ടാറാണ് ആവശ്യമെങ്കിലും കൺവീനർ VG 30 ഗ്രേഡിലുള്ള ടാർ മാത്രം വാങ്ങി ഉപയോഗിച്ചതായി കാണുന്നു. എന്നാൽ ഈ എസ്റ്റിമേറ്റിലെ 3 ഇനങ്ങൾക്ക് VG 10 ഗ്രേഡിലുള്ള ടാറിന്റെ വിലയാണ് അനുവദിച്ചിട്ടുള്ളത്. VG 30 ഗ്രേഡിലുള്ള ടാറിന്റെ വില 41,000/MT ആയിരിക്കെ ടാർ ഉപയോഗിച്ച് നടത്തുന്ന 16.30.1 (Tack coat), 16.32.1 (2cm Chipping Carpet), 16.41 (Seal coat) എന്നീ ഇനങ്ങൾക്ക് VG 10 ഗ്രേഡിലുള്ള ടാറിന്റെ നിരക്കായ 50,600/MT ആണ് അനുവദിച്ചിട്ടുള്ളത്. ആയതിനാൽ പഞ്ചായത്തിന് നഷ്ടം സംഭവിച്ചിട്ടുണ്ട്.

16.30.1, 16.32.1 (2cm Chipping Carpet), 16.41 (Seal coat) എന്നീ ഇനങ്ങൾക്ക് അനുവദിച്ച നിരക്കിന്റെയും അനുവദിക്കാവുന്ന നിരക്കിന്റെയും വിവരങ്ങൾ ചുവടെ ചേർക്കുന്നു.

16.30.1- Providing and applying Tack coat using bitumen of VG 10 Grade on WBM @ 0.75Kg/sqm-

Details for 100 sqm

| | | അനുവദിച്ച നിരക്ക് | | | | അനുവദിക്കാവുന്ന നിരക്ക് | | | |
|---|---|---|---|---|---|---|---|---|---|
| Code | Description | Unit | Quantity | Rate | Amount | Unit | Quantity | Rate | Amount |
| 2916 | Paving Asphalt- VG-10 | tonne | 0.075 | 50600 | 3795 | - | - | - | - |
| 2211 | Carriage of tar | Tonne | 0.075 | 106.49 | 7.99 | Tonne | 0.075 | 106.49 | 7.99 |
| 7309 | Paving Asphalt- VG-30 | - | - | - | - | Tonne | 41000 | 0.075 | 3075 |
| 16.30.1 | കോഡ് 16.30.1 പ്രകാരമുള്ള മറ്റിനങ്ങളുടെ ആകെ തുക | | | | 823.33 | | | | 823.33 |
| | ആകെ | | | | 4626.32 | | | | 3906.32 |
| | 1 % watering charges | | | | 46.26 | | | | 39.06 |
| | ആകെ | | | | 4672.58 | | | | 3945.38 |
| | Cost Index 1.3048 അടക്കം | | | | 6096.78 | | | | 5147.93 |
| | Hence for 1 sqm | | | | 60.99 | | | | 51.48 |

16.32.1- 2cm premix carpet surfacing with VG-10 grade bitumen

Details for 100 sqm

| | | അനുവദിച്ച നിരക്ക് | | | | അനുവദിക്കാവുന്ന നിരക്ക് | | | |
|---|---|---|---|---|---|---|---|---|---|
| Code | Description | Unit | Quantity | Rate | Amount | Unit | Quantity | Rate | Amount |
| 2916 | Paving Asphalt- VG-10 | tonne | 0.144 | 50600 | 7286.40 | - | - | - | - |
| 2211 | Carriage of tar | Tonne | 0.144 | 106.49 | 15.33 | Tonne | 0.144 | 106.49 | 15.33 |
| 7309 | Paving Asphalt- VG-30 | - | - | - | - | Tonne | 41000 | 0.144 | 5904 |
| 16.41 | കോഡ് 16.32.1 പ്രകാരമുള്ള മറ്റിനങ്ങളുടെ ആകെ തുക | | | | 7614.09 | | | | 7614.09 |
| | ആകെ | | | | 14915.82 | | | | 13533.42 |
| | 1 % watering charges | | | | 149.16 | | | | 135.33 |
| | ആകെ | | | | 15065 | | | | 13668.8 |
| | Cost Index 1.3048 അടക്കം | | | | 19656.82 | | | | 17835.05 |
| | Hence for 1 sqm | | | | 196.57 | | | | 178.35 |

16.41- Providing and laying seal coat

Details for 100 sqm

| | | അനുവദിച്ച നിരക്ക് | | | | അനുവദിക്കാവുന്ന നിരക്ക് | | | |
|---|---|---|---|---|---|---|---|---|---|
| Code | Description | Unit | Quantity | Rate | Amount | Unit | Quantity | Rate | Amount |
| 2916 | Paving Asphalt- VG-10 | tonne | 0.098 | 50600 | 4958.50 | - | - | - | - |
| 2211 | Carriage of tar | Tonne | 0.098 | 106.49 | 10.44 | Tonne | 0.098 | 106.49 | 10.44 |
| 7309 | Paving Asphalt- VG-30 | - | - | - | - | Tonne | 41000 | 0.098 | 4018 |
| 16.41 | കോഡ് 16.41 പ്രകാരമുള്ള മറ്റിനങ്ങളുടെ ആകെ തുക | | | | 3672.53 | | | | 3672.53 |
| | ആകെ | | | | 8641.47 | | | | 7700.97 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | 1 % watering charges | | | | 86.41 | | | | 77 |
| | ആകെ | | | | 8727.88 | | | | 7777.97 |
| | Cost Index 1.3048അടക്കം | | | | 11388.14 | | | | 10148.70 |
| | Hence for 1 sqm | | | | 113.86 | | | | 101.49 |

| ക്രമ നം | കോഡ്, ഇനം | അനുവദിച്ച നിരക്ക് | അനുവദനീയമായ നിരക്ക് |
|---|---|---|---|
| | 16.30.1- Providing and applying Tack coat using bitumen of VG 10 Grade on bituminous surface @ 0.75Kg/sqm- | 60.99/sqm | 51.48/sqm |
| | 16.32.1- 2cm premix carpet surfacing with VG-10 grade bitumen | 196.57/sqm | 178.35/sqm |
| | 16.41- Providing and laying seal coat | 113.86/sqm | 101.49/sqm |

**ആയതിനാൽ പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടത്തിന്റെ വിവരം ചുവടെ ചേർക്കുന്നു.**

| ക്രമ നം | പ്രവൃത്തിയുടെ വിവരങ്ങൾ | അനുവദിച്ച മൂല്യം | | | | | അനുവദനീയമായ മൂല്യം | | | | | അധികം |
|---|---|---|---|---|---|---|---|---|---|---|---|---|
| | | ഇനം | കോഡ് | അളവ് | നിരക്ക് | മൂല്യം | ഇനം | കോഡ് | അളവ് | നിരക്ക് | മൂല്യം | |
| 1 | പ്രോജക്ട് നം- 80/16<br>പ്രവൃത്തിയുടെ പേര്- പാക്കം മൂത്താടി റോഡ് ടാറിംഗ്<br>കൺവീനർ- കെ അരവിന്ദൻ<br>വൗച്ചർ നം, തുക- 20/15-16, 26.11.2015, 1,00,000 രൂപ,<br>വൗച്ചർ നം, തുക- 40/15-16, 10.03.2016, 2,92,303 രൂപ,<br>എസ്റ്റിമേറ്റ്- DSR 2014, with cost index-1.3048 and without CPOH- തുക- 4,00,000<br>ടാർ വാങ്ങിയതിന്റെ വിവരങ്ങൾ-<br>ബിൽ നം & തിയതി- 8185/13.01.2016, സിഡ്കോ, കാസറഗോഡ്<br>ടാറിന്റെ ഗ്രേഡ്- VG-30 | 7 | 16.30.1 | 576 sqm | 60.99/ sqm | 35,130.24 | 7 | 16.30.1 | 576 sqm | 51.48/ sqm | 29,652.48 | 5,477.76 |
| | | 8 | 16.32.1 | 576 sqm | 196.57/ sqm | 1,13,224.32 | 8 | 16.32.1 | 576 sqm | 178.35/ sqm | 1,02,729.6 | 10,494.72 |
| | | 9 | 16.41 | 576 sqm | 113.86/ sqm | 65,583.36 | 9 | 16.41 | 576 sqm | 101.49/ sqm | 58,458.24 | 7,125 |

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | അളവ്-1872 കി.ഗ്രാം<br>തുക- 65,820<br>എം ബുക്ക് നം 127/14-15 | | | | | | | | | | | |
| | | ആകെ | | | | | | | | | | 23,097.48 |

മേൽ വിവരിച്ച പ്രകാരം VG 30ഗ്രേഡിലുള്ള ടാർ ഉപയോഗിച്ച് നടത്തിയ പ്രവൃത്തിക്ക് VG10 ഗ്രേഡിലുള്ള ടാറിന്റെ നിരക്ക് അനുവദിച്ചതിനാൽ പഞ്ചായത്ത് ഫണ്ടിന് 23,097 രൂപയുടെ അധികച്ചെലവ് സംഭവിച്ചത് പ്രവൃത്തിക്ക് മേൽനോട്ടം വഹിച്ച എഞ്ചിനീയറിൽ നിന്ന് ഈടാക്കേണ്ടതാണ്.

## 3-12 റോഡ് ടാറിംഗ് / റീ ടാറിംഗ് പ്രവൃത്തികൾ- കൺവീനർമാർ ടാർ വാങ്ങിയതിന്റെ ഇൻവോയ്സ് ഹാജരാക്കിയിട്ടില്ല- ചെലവ് തുകകൾ തടസ്സപ്പെടുത്തുന്നു

ഗുണഭോക്തൃ സമിതികൾ മുഖേന നടപ്പിലാക്കിയ ചുവടെ ചേർത്ത പ്രവൃത്തികളുടെ ഫയലുകൾ പരിശോധിച്ചതിൽ കൺവീനർമാർ ടാർ വാങ്ങിയതിന്റെ ഇൻവോയ്സുകൾ ഹാജരാക്കാത്തതായി ശ്രദ്ധയിൽപ്പെട്ടു. പ്രവൃത്തികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട് നം, പേര്, കൺവീനർ, അന്തിമ ബിൽ നം, തിയതി | ടാറിന്റെ ആവശ്യകത | റിമാർക്സ് |
|---|---|---|---|
| 1 | പ്രോജക്ട് നം, പേര്- 69/16- എണ്ണപ്പാറ കുഴിക്കോൽ റോഡ് ടാറിംഗ്<br>കൺവീനർ- ശ്രീ.കെ.ചന്ദ്രൻ നായർ<br>അന്തിമ ബിൽ നം & തിയതി-<br>വൗച്ചർ നം 19/15-16 തിയതി 29.10.2015, തുക- 3,42,593 | 300Sqm @ 3.17Kg/Sqm= 951Kg | കൺവീനറുടെ കണക്കുകൾ പ്രകാരം 6 ബാരൽ ടാറിന് 48,000 രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ടാറിന്റെ ഇൻവോയ്സ് ഫയലിൽ ഇല്ല. |

| | | | |
|---|---|---|---|
| 2 | പ്രോജക്റ്റ് നം, പേര്- 233/16, പാത്തിക്കര കഴിക്കോൽ സർക്കാരി റോഡ്<br>കൺവീനർ- ശ്രീ.കെ.രാജീവൻ<br>അന്തിമ ബിൽ നം & തിയതി-<br>വൗച്ചർ നം 97/15-16 തിയതി 31.03.2016, തുക- 3,97,181 | 480sqm @ 3.17Kg/Sqm= 1521.60 Kg | ടാർ വാങ്ങിയതിന്റെ ഇൻവോയ്സ് ഫയലിൽ ഇല്ല. |
| 3 | പ്രോജക്റ്റ് നം, പേര്- 99/16, സർക്കാരി പനയാർകുന്ന് മൊയോളം റോഡ് ടാറിംഗ്<br>കൺവീനർ- ശ്രീ.കെ.രാജേന്ദ്രൻ<br>അന്തിമ ബിൽ നം & തിയതി-<br>വൗച്ചർ നം 39/15-16 തിയതി 10.03.2016, തുക- 3,94,285 | 510Sqm @ 3.17Kg/sqm= 1616.70Kg | ടാറിന്റെ ഇൻവോയ്സ് ഫയലിൽ ഇല്ല. |
| ആകെ | 11,34,059 | | |

ടാർ വാങ്ങിയതിന്റെ ഇൻവോയ്സുകൾ ഹാജരാക്കാത്തതിനാൽ പ്രവൃത്തികൾക്കായി ഉപയോഗിച്ച ടാറിന്റെ അളവും ഗ്രേഡും ഉറപ്പു വരുത്താൻ കഴിഞ്ഞിട്ടില്ല. ആയതിനാൽ ഈ പ്രവൃത്തികൾക്കായി വാങ്ങിയ ടാറിന്റെ ഇൻവോയ്സുകൾ അടിയന്തിരമായി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. ഈ പ്രവൃത്തികളിൽ VG10ഗ്രേഡിലുള്ള ടാറിന്റെ നിരക്കാണ് അനുവദിച്ചിട്ടുള്ളത്. ഇൻവോയ്സുകൾ പ്രകാരം കൺവീനർമാർ വാങ്ങി ഉപയോഗിച്ചിട്ടുള്ളത് VG 30 ഗ്രേഡിലുള്ള ടാർ ആണെങ്കിൽ ഈ റിപ്പോർട്ടിലെ ഖണ്ഡിക പ്രകാരം കണക്കാക്കിയിരിക്കുന്ന രീതിയിൽ പഞ്ചായത്തിനുണ്ടായ നഷ്ടം തിട്ടപ്പെടുത്തി ഈടാക്കേണ്ടതുണ്ട്. ആയതിനാൽ ടാർ വാങ്ങിയതിന്റെ ഇൻവോയ്സുകൾ ഹാജരാക്കുന്നതു വരെ ഈ പ്രവൃത്തികൾക്കായി ആകെ ചെലവഴിച്ച 11,34,059 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-13 ഫ്ലോർ ടൈലുകൾ പതിക്കുന്നതിന് വാൾ ടൈലുകൾ പതിക്കുന്നതിനുള്ള നിരക്ക് അനുവദിച്ചതിനാൽ നഷ്ടം

പ്രോജക്റ്റ് നം- 209/16 കാലിച്ചാനടുക്കം മൃഗാശുപത്രി റിപ്പയർ

കരാറുകാരൻ- ശ്രീ.കെ.അബൂബക്കർ (15.2% കുറവ്)

എസ്റ്റിമേറ്റ്- 2,75,000 രൂപ (DSR 2014 with cost index 1.3048)

പേമെന്റ്-വൗച്ചർ നം 21/15-16 തിയതി 31.12.2015, തുക 2,26,849

ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റിലെ ഇനം 2 പ്രകാരം, ഡോക്ടറുടെ റൂം, ഫാർമസി, ഇടനാഴി, വരാന്ത എന്നിവിടങ്ങളിൽ ഫ്ലോർ ടൈലുകൾ പതിക്കുന്നതിന് Sqm ന് 1091.66 രൂപ നിരക്കിൽ 123 Sqm ന് 1,34,274 രൂപ വകയിരുത്തിയിരുന്നു. DSR 2014 ലെ കോഡ് 11.36പ്രകാരമുള്ള നിരക്കാണ് ഇത്. എന്നാൽ DSR 2014 ലെ കോഡ് നം 11.36 പ്രകാരമുള്ള പ്രവൃത്തി ചുമരുകളിൽ 1:3 അനുപാതത്തിലുള്ള സിമന്റ് ചാന്ത് ഇട്ട് അതിനു മുകളിൽ വാൾ ടൈലുകൾ പതിക്കുന്നതിനുള്ളതാണ്. ഫ്ലോർ ടൈലുകൾ പതിക്കുന്നതിനുള്ള DSR ലെ പ്രവൃത്തി ഇനത്തിന്റെ കോഡ് 11.37 ആണ്. ഇതു പ്രകാരം 1:4 അനുപാതത്തിലുള്ള സിമന്റ് ചാന്ത് ഇട്ട് അതിനു മുകളിൽ ഫ്ലോർ ടൈലുകൾ പതിക്കുന്നതിനുള്ള നിരക്ക് Sqm ന് 1024.79 രൂപ മാത്രമാണ്.

ഈ പ്രവൃത്തിയുടെ എം ബുക്ക് നം 122/14-15 ലെ പേജ് 8 പ്രകാരം ഈ ഇനത്തിൽ കരാറുകാരൻ 125.19 Sqm പ്രവൃത്തി ചെയ്യുകയും പേജ് 20 പ്രകാരം അളവ് 123 Sqm ലേക്ക് ലിമിറ്റ് ചെയ്ത് sqm ന് 1091.66 രൂപ നിരക്കിൽ 1,34,274.18 രൂപയുടെ മൂല്യം നിർണയിക്കുകയും ചെയ്തിട്ടുണ്ട്.

ആയതിനാൽ ഈ ഇനത്തിൽ അനുവദിച്ച അധികം തുക ചുവടെ കണക്കാക്കുന്നു.

അനുവദിച്ച മൂല്യം- 123 Sqm @ 1091.66/Sqm = 1,34,274.18

അനുവദനീയമായ മൂല്യം- 123 Sqm @ 1024.79/Sqm = 1,26,049.17

അധികം- 8,225 (15.2% ടെണ്ടർ കിഴിവിനു ശേഷം 6,975 രൂപ)

പഞ്ചായത്തിനുണ്ടായ നഷ്ടം എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്

## 3-14 ആരോഗ്യ സ്ഥാപനങ്ങൾക്ക് മരുന്ന് വാങ്ങുന്നതിനുള്ള പ്രോജക്ട്- മരുന്ന് മുഴുവനും ലഭിച്ചിട്ടില്ല - നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല-

നിർവ്വഹണ ഉദ്ധ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ പി.എച്ച്. സി,എണ്ണപ്പാറ

എ) മെഡിക്കൽ ഓഫീസർ ബിൽ നം.3/15-16 തീയതി 15-1-16 പ്രകാരം 3,00,000 രൂപ ട്രഷരിയിൽനിന്നും പിൻവലിച്ച് പ്രോജക്ട് നം.59/16 നടപ്പിലാക്കുന്നതിന്റെ ഭാഗമായി മരുന്നിന്റെ വിലയായി ഡി.ഡി. നം.987126/തീയതി 16-12-16 പ്രകാരം കേരള മെഡിക്കൽ കോർപ്പരേഷൻ സ്ഥാപനത്തിനു നൽക്കിയിട്ടുണ്ട്. പ്രോജക്ട് പ്രകാരമുള്ള മരുന്നുകൾ ഡിപ്പാർട്ട്മെന്റ മുഖേന ലഭ്യമല്ല എന്നുള്ള ജില്ലാ മെഡിക്കൾ ഓഫീസർ നൽകുന്ന നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ഓഡിറ്റിനു ലഭ്യമാക്കിയിട്ടില്ല.

ബി) മുകളിൽ സൂചിപ്പിച്ച 3,00,000 രൂപ നൽക്കിയതിൽ നാളിതു (തീയതി 26-10-16)വരെ 2,32,452 രൂപയുടെ മരുന്ന് മാത്രമേ ലഭ്യമായിട്ടുള്ളു. 67,548 രൂപയുടെ മരുന്ന് ഇനിയും ലഭിച്ചിട്ടില്ല.

ഈ കാരണങ്ങളാൽ 3,00,000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

( ഓഡിറ്റ് അന്വേഷണം നം. L(1)/തീയതി 27-10-2016)

## 3-15 സാന്ത്വന പരിചരണം- മരുന്ന് ലഭിച്ചത് ഭാഗികാമായി മാത്രം

പ്രോജക്ട് നം.58/16
നിർവഹണ ഉദ്യോഗസ്ഥൻ- മെഡിക്കൽ ഓഫീസർ, അലോപ്പതി
ബിൽ നം.4/15-16 തീ 25-2-16 തുക- 4,50,046 രൂപ
മേൽ വിവരിച്ച പ്രകാരം പിൻവലിച്ച 4,50,046 രൂപയിൽ 3,00,000 രൂപ മരുന്നിന്റെ വിലയായി മുൻകൂറായി കേരള മെഡിക്കൽ സർവീസ് കോർപ്പറേഷന് നല്കിയിട്ടുണ്ട്. (ഡി.ഡി നം 989496 തിയതി 25.02.2016).

എന്നാൽ നാളിതുവരെ ( 26-10-16) 2,32,166 രൂപയുടെ മരുന്ന് മാത്രമേ ലഭ്യമായിട്ടുള്ളൂ. 67,834 രൂപയുടെ മരുന്ന് ഇനിയും ലഭിച്ചിട്ടില്ല.

ഈ കാരണങ്ങളാൽ ഈ പദ്ധതിക്കു വേണ്ടി നടത്തിയ 3,00,000 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

( ഓഡിറ്റ് അന്വേഷണം നം. L(1)/തീയതി 27-10-2016)

# 3-16 ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല തുക തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ- ഹെഡ് മാസ്റ്റർ

2015-16 വർഷത്തിൽ കോടോം-ബേളൂർ ഗ്രാമപഞ്ചായത്തിലെ നിർവ്വഹണ ഉദ്യോഗസ്ഥനായ ഹെഡ് മാസ്റ്റർക്ക് വിവിധ പദ്ധതികൾ നടപ്പിലാക്കാനായി താഴെപ്പറയും പ്രകാരം തുക നൽകിയിട്ടുണ്ട്.

| ക്രമ നം. | പ്രൊജക്ട് നം./പേര് | തുക |
|---|---|---|
| 1 | 180/16-തുല്യതാപഠിതാക്കൾക്ക് ഫീസ്,പുസ്തകം | 28,500.00 |
| 2 | 192/16-സ്കൂളുകൾക്കും,വായനശാലകൾക്കും, ഘടകസ്ഥാപനങ്ങൾക്കും പത്രം | 1,46,720.00 |
| | ആകെ | 1,75,220.00 |

മേൽവിവരിച്ച പ്രകാരം ആകെ 1,75,220/- രൂപ നൽകിയിട്ടുണ്ടെങ്കിലും പദ്ധതി നടപ്പിലാക്കിയതിന്റെ ചെലവ് രേഖകൾ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ഓഡിറ്റ് റിക്വിസിഷൻ നം.02/31.10.2016 പ്രകാരം ഇവ ഹാജരാക്കാൻ ആവശ്യപ്പെട്ടുവെങ്കിലും ഹാജരാക്കിയിട്ടില്ല. അതിനാൽ ചെലവ് തുക 1,75,220/- രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെയ്ക്കുന്നു, ചെലവ് രേഖകൾ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

# 3-17 ക്ഷീര സംഘങ്ങൾക്ക് കാലിത്തീറ്റ വിതരണം- കാലിത്തീറ്റ വാങ്ങിയതിന്റെ വൌച്ചർ ഹാജറാക്കിയിട്ടില്ല-

പ്രോജക്ട് നം.138/16

നിർവ്വഹണ ഉദ്യോഗസ്ഥൻ -ഡയറി ഫാം ഇൻസ്ട്രക്ടർ

പ്രോജക്ട് 138/16 - ക്ഷീര സംഘങ്ങൾക്ക് കാലിത്തീറ്റ വിതരണം

ഈ പ്രോജക്ടിന്റെ അടങ്കൽ 48,00,000 രൂപയാണ്. ഇതിൽ 36,00,000 രൂപ ഗുണഭോക്താക്കളുടെ വിഹിതവും 12,00,000 രൂപ സബ്സിഡി തുകയുമാണ്. ആയതിനാൽ ഗുണഭോക്താക്കൾ മൊത്തം 48 ലക്ഷം രൂപയുടെ കാലിത്തീറ്റ വാങ്ങുന്ന മുറയ്ക്കു മാത്രമേ പ്രോജക്ട് പ്രകാരമുള്ള സബ്സിഡി തുക ചെലവഴിക്കപ്പെടേണ്ടതുള്ളൂ. എന്നാൽ സബ്സിഡി തുക മുഴുവൻ പിൻവലിച്ച് ക്ഷീര സംഘങ്ങൾക്ക് നൽകിയതല്ലാതെ ഗുണഭോക്താക്കൾ ആകെ വാങ്ങിയ കാലിത്തീറ്റയുടെ വില പരിശോധിക്കാനുതകുന്ന രേഖകളൊന്നും തന്നെ നിർവഹണ ഉദ്യോഗസ്ഥൻ ക്ഷീര സംഘങ്ങളിൽ നിന്ന് കൈപ്പറ്റിയതായി കാണുന്നില്ല.

ഓഡിറ്റ് അന്വേഷണം നം. L(7)തീ. 28 -10-2016 മുഖേന ക്ഷീര സംഘങ്ങളോ ക്ഷീര കർഷകരോ വാങ്ങിയ കാലിത്തീറ്റയുടെ ബില്ലുകൾ ഓഡിറ്റിനു ഹാജരാക്കാൻ ആവശ്യപ്പെട്ടുവെങ്കിലും ഈ രേഖകൾ നിർവഹണ

ഉദ്യോഗസ്ഥൻ ഹാജരാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ ക്ഷാര സംഘങ്ങൾക്ക് വിതരണം ചെയ്ത 12 ലക്ഷം രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ക്ഷീര സംഘങ്ങൾക്ക് നൽകിയ തുകകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം | പേർ,വിവരം | നൽകിയ തുക | ഡി.ഡി.നം./തീയതി | വിശദ വിവരങ്ങൾ |
|---|---|---|---|---|
| 1 | സെക്രട്ടറി,ബേളൂർ ക്ഷീരോൽപാദക സഹകരണ സംഘം | 1,47,324 | 990801/31-3-16 | 2015ആഗസ്റ്റ് മുതൽ സെപ്റ്റംബർവരെയുള്ള കാലിത്തീറ്റ ചെലവ്. |
| 2 | സെക്രട്ടറി<br>എണ്ണപ്പാറ ക്ഷീരോൽപാദക സഹകരണ സംഘം | 2,25,798 | 990802/31-3-16 | ടി |
| 3 | സെക്രട്ടറി<br>ബാനം ക്ഷീരോൽപാദക സഹകരണ സംഘം | 34,160 | 990803/31-3-16 | ടി |
| 4 | സെക്രട്ടറി കാലിച്ചാനടുക്കം ക്ഷീരോൽപാദക സഹകരണ സംഘം | 4,64,935 | 990804/31-3-16 | ടി |
| 5 | സെക്രട്ടറി മുക്കുഴി ക്ഷീരോൽപാദക സഹകരണ സംഘം | 37,491 | 990805/31-3-16 | ടി |
| 6 | സെക്രട്ടറി, പൊടവട്ടുക്കം ക്ഷീരോൽപാദക സഹകരണ സംഘം | 61,662 | 990806/31-3-16 | ടി |
| 7 | പറക്കളായിക്ഷീരോൽപാദക സഹകരണ സംഘം | 72,180 | 990807/31-3-16 | ടി |
| 8 | സെക്രട്ടറി ഉദയപുരം ക്ഷീരോൽപാദക സഹകരണ സംഘം | 1,56,450 | 990808/31-3-16 | ടി |
| | ആകെ | 12,00,000 | | |

# 3-18 ജീവാണു വള നിർമ്മാണ യൂണിറ്റ്- അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ - കൃഷി ഓഫീസർ

ബിൽ നം.1/15-16 തീയതി 30-9-2015, 4,93,243 രൂപ,
ബിൽ നം. 2/15-16 തീയതി 18-11-2015, 3,01,757 രൂപ
(ആകെ 7,95,000 രൂപ)

കോടോം ബേളൂർ പഞ്ചായത്തിൽ ഒരു ജീവാണു വള നിർമ്മാണ യൂണിറ്റ് സ്ഥാപിക്കുവാനുദ്ദേശിച്ചുള്ള ഈ പദ്ധതിയിൽ, ഉപകരണങ്ങൾ സപ്ലൈ ചെയ്ത് സ്ഥാപിക്കുന്നതിനും ആവശ്യമായ വയറിംഗ് നടത്തി സ്ഥാപനം പ്രവർത്തന സജ്ജമാക്കുന്നതിനുമായി 7,95,000 രൂപ മേൽ വിവരിച്ച പ്രകാരം പിൻവലിച്ച് പത്തനംതിട്ടയിലെ Analab Instruments India Ltd എന്ന സ്ഥാപനത്തിനു നൽകിയിട്ടുണ്ട്. (RTGS Account No.

40359111000043,Kerala Gramin Bank, Omallur ). ഈ പ്രോജക്റ്റ് സംബന്ധിച്ച വൌച്ചറുകൾ ഓഡിറ്റിനു വിധേയമാക്കിയതിൽ താഴെ പറയുന്ന അപാകതകൾ കാണുകയുണ്ടായി.
(1) സ്ഥാപനത്തിന്റെ ഇൻവോയ്സ് പ്രകാരം 10,305 രൂപ വിലയുള്ള Automatic Waterlevel cutoff Device of Laboratory Water Distillation Apparatus എന്ന ഉപകരണം ജീവാണു വള യൂണിറ്റിൽ സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ ഓഡിറ്റ് ടീം സ്ഥാപനം സന്ദർശിച്ച് നടത്തിയ പരിശോധനയിൽ ഇത്തരം ഒരു ഉപകരണം യൂണിറ്റിൽ സ്ഥാപിച്ചതായി കണ്ടില്ല.

(2) 10 പേര് അടങ്ങുന്ന ഗുണഭോക്തൃ ഗ്രൂപ്പിനെ തെരഞ്ഞെടുത്ത് അവർക്ക് 15,000 രൂപ തനത് ഫണ്ട് ചെലവഴിച്ച് പരിശീലനം നടത്തിയ ശേഷം സംരംഭം ആരംഭിക്കുന്നതിനാണ് പ്രോജക്ടിൽ പറയുന്നത്. എന്നാൽ പരിശീലനം നടത്തിയതിന്റെ രേഖകൾ ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. പരിശീലനത്തിനു തുക ചെലവഴിച്ചിട്ടുമില്ല.
(3) പ്രോജക്റ്റ് പ്രകാരം 1,00,000 രൂപ ഗുണഭോക്തൃ വിഹിതമായി ചെലവ് ചെയ്യേണ്ടതുണ്ട്. എന്നാൽ ഗുണഭോക്തൃവിഹിതമായി തുകകളൊന്നും ചെലവഴിച്ചിട്ടുള്ളതായി ഫയലിൽ കാണുന്നില്ല. കൂടാതെ ഗുണഭോക്തൃ ഗ്രൂപ്പിന്റെ മിനിട്സ് ഓഡിറ്റിനു ലഭ്യമാക്കിയിട്ടില്ല.

(4) ലാബ് ഉപകരണങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

മുകളിൽ പറഞ്ഞ കാരണങ്ങളാൽ 7,95,000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

( ഓഡിറ്റ് അന്വേഷണം നം. L(5)തീ. 28 -10-2016 )

## 3-19 വിനിയോഗ സാക്ഷ്യപത്രം ഹാജറാക്കിയിട്ടില്ല-

താഴെ കാണിച്ച പ്രകാരം വിവിധ നിർവഹണ ഉദ്യോഗസ്ഥൻമാർ പദ്ധതി നിർവഹണത്തിന്റെ ഭാഗമായി മറ്റു സ്ഥാപനങ്ങൾക്ക് നല്കിയ തുകകളുടെ വിനിയോഗ സാക്ഷ്യപത്രങ്ങൾ ഹാജരാക്കാത്തതിനാൽ ചെലവ് തുക

2,63,720 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

| ക്ര.നം | നിർവഹണ ഉദ്യോഗസ്ഥൻ | ബിൽ നം തീയതി | തുക | തുക നൽക്കിയതിന്റ വിവരം | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 4/15-16 /12-10-15 | 2,00,000 (വികസന ഫണ്ട്) | NPRPD വിഹിതം ജില്ലാപഞ്ചായത്തിനു നൽകിയത്. (ഡി.ഡി No. 909277/dt3-11-15) | (ഓഡിറ്റ് അന്വേഷണം നം. L(3)തീ. 27-10-2016) |
| 2 | കൃഷി ഓഫീസർ | 6/15-16 /29-2-16 | 63,720 | Project No.244/16 വൈദ്യുതി ലൈൻ വർക്കിനു KSEB ക്ക് DDNo.989629/3-3-16 പ്രകാരം നൽകിയത്. | --- |
| | | ആകെ | 2,63,720 | | |

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത്, കാസറഗോഡ് | 2,00,000 | ശാരീരിക മാനസിക വെല്ലു വിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 2,00,000 | ഇല്ല |
| ജില്ലാ പഞ്ചായത്ത്, കാസറഗോഡ് | 6,00,000 | NPRPD യിൽ ഭവന നിർമാണം | ഇല്ല | 6,00,000 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ തിരിച്ചടവ്

| ക്രമ നം | വായപയുടെ പേര്, ഉദ്ദേശം | വായ്പാ തുക | ഉത്തരവ് നം, തിയതി | തിരിച്ചടക്കാനുള്ള മുൻ ബാക്കി | തൻവർഷം അടച്ച തുക | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 1 | ഇ. എം. എസ്. ഭവന പദ്ധതിക്കുള്ള ലോൺ | 2,46,44,000 | - | 72,01,313 | 34,34,567 | - | 37,66,746 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം 22,962 രൂപ ഈടാക്കിയിട്ടുണ്ട്.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1998-99 | | 2000-01 | 120 | പിരിച്ചെടുത്ത തുകകൾ പഞ്ചായത്ത് ഫണ്ടിൽ വരവു വച്ചിട്ടില്ല. | തീർപ്പാക്കിയിട്ടില്ല. |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 11,35,43,240 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 13,48,71,242 |
| വരവിനങ്ങളിലുള്ള നഷ്ടം | 938 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 40,412 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 61,46,941 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-3 | 938 | | കുഞ്ഞിക്കണ്ണൻ.വി, സെക്രട്ടറി |
| 3-1 | | 9,590 | ജോസഫ് എം ചാക്കോ, സെക്രട്ടറി |
| 3-3 | | 500 | ഉഷാദേവി.കെ.വി, സെക്രട്ടറി |
| 3-3 | | 250 | കുഞ്ഞിക്കണ്ണൻ.വി, സെക്രട്ടറി |
| 3-11 | | 23,097 | ജനോവ.കെ.വി, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-13 | | 6,975 | ജനോവ.കെ.വി, അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | 938 | 40,412 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-5 | 7,08,263 | ജോസഫ് എം ചാക്കോ, സെക്രട്ടറി |
| 3-6 | 4,99,896 | ജോസഫ് എം ചാക്കോ, സെക്രട്ടറി |

| | | |
|---|---|---|
| 3-7 | 90,062 | കുഞ്ഞിക്കണ്ണൻ.വി, സെക്രട്ടറി |
| 3-8 | 2,96,068 | ഉഷാദേവി.കെ.വി, സെക്രട്ടറി |
| 3-9 | 3,84,653 | ജോസഫ് എം ചാക്കോ, സെക്രട്ടറി |
| 3-12 | 11,34,059 | ജനോവ.കെ.വി, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-14 | 3,00,000 | അനിൽ കുമാർ, മെഡിക്കൽ ഓഫീസർ,പി.എച്ച്.സി |
| 3-15 | 3,00,000 | അനിൽ കുമാർ,മെഡിക്കൽ ഓഫീസർ,പി.എച്ച്.സി |
| 3-16 | 1,75,220 | വിജയൻ, പ്രാധാന്യാപകൻ |
| 3-17 | 12,00,000 | ജോസി ജയകുമാർ.ഇ, ഡയറി ഫാം ഇൻസ്ട്രക്ടർ |
| 3-18 | 7,95,000 | വിഷ്ണു.എസ്.പി, കൃഷി ഓഫീസർ |
| 3-19 | 2,00,000 | അമിത കേളപ്പൻ, ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 3-19 | 63,720 | വിഷ്ണു.എസ്.പി, കൃഷി ഓഫീസർ |
| ആകെ | 61,46,941 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ജോസഫ് .എം. ചാക്കോ, സെക്രട്ടറി | സെക്രട്ടറി, ബളാൽ ഗ്രാമപഞ്ചായത്ത് | മുട്ടത്ത് (ഹൗസ്), കുറിഞ്ഞി, പനത്തടി(പിഒ), കാസറഗോഡ് |
| ഉഷാദേവി.കെ.വി, | സെക്രട്ടറി, കോടോം | കിഴക്കുംകര, |

| | | |
|---|---|---|
| സെക്രട്ടറി | ബേളൂർ ഗ്രാമപഞ്ചായത്ത് | അജാനൂർ (പിഒ), കാഞ്ഞങ്ങാട് |
| കുഞ്ഞിക്കണ്ണൻ.വി, സെക്രട്ടറി | വിരമിച്ചു | മുത്തപ്പൻതറയ്ക്ക് സമീപം, ബല്ല, ബല്ല(പി.ഒ), കാഞ്ഞങ്ങാട് |
| ജനോവ.കെ.വി, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ,<br>കോടോം ബേളൂർ ഗ്രാമ പഞ്ചായത്ത് | ചിറപ്പുറമ്പിൽ, മസ്ജിദ് റോഡ്, പടന്നക്കാട്, കാഞ്ഞങ്ങാട്. |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1983-84 | എൽ.എഫ്.സി.8/682/89. തി:07.07.1989 | 26 | |
| 1985-86 | എൽ.എഫ്.സി.7/664/91. തി:25.07.1991 | 17 | |
| 1986-87 | എൽ.എഫ്.സി.7/516/92. തി:18.06.1992 | 5 | |
| 1987-88 to 1989-90 | എൽ.എഫ്.കെ.എസ്.ഡി5/ 232/99. തി:29.04.2000 | 8 | |
| 1990-91 to 1992-93 | എൽ.എഫ്.കെ.എസ്.ഡി-5/395/2000.തി:30-10.2000 | 30 | |
| 1993-94 to 1995-96 | എൽ.എഫ്.കെ.എസ്.ഡി 3/473/08.തി: 30-10-2008 | 02 | |
| 1996-97 (Exp) | എൽ.എഫ്.കെ.എസ്.ഡി- 5/ 542/98.തി: 03-01-2002 | 22 | |
| 1996-97 | എൽ.എഫ്.കെ.എസ്.ഡി 4/ 474/08.തി: 30-10-2008 | 1 | |
| 1997-98 | എൽ.എഫ്.കെ.എസ്.ഡി- 3/ 572/08.തി: 30-10-08 | 28 | |
| 1998-99 | എൽ.എഫ്.കെ.എസ്.ഡി-3/580/08.തി: 03-04-09 | 12 | |
| 1999-00 | എൽ.എഫ്.കെ.എസ്.ഡി-3/113/09.തി: 18-12-09 | 10 | |

| | | | |
|---|---|---|---|
| 2000-01 | എൽ.എഫ്.കെ.എസ്.ഡി -3/127 /09.തി: 19-12-09 | 10 | |
| 2001-02 | എൽ.എഫ്.കെ.എസ്.ഡി- 3/115/09. തി: 05-11-09 | 20 | |
| 2002-03 | എൽ.എഫ്.കെ.എസ്.ഡി- 3: 323/10,തി: 18-12-10 | 4 | |
| 2003-04 | എൽ.എഫ്.കെ.എസ്.ഡി- 3/323(എ)/10.തി: 18-12-10 | 4 | |
| 2004-05 | എൽ.എഫ്.കെ.എസ്.ഡി -3/311/10.തി: 18-12-10 | 7 | |
| 2005-06 | എൽ.എഫ്.കെ.എസ്.ഡി -6/ 139/11.തി: 07-12-11 | 21 | |
| 2006-07 | എൽ.എഫ്.കെ.എസ്.ഡി- 6/140/11.തി:28-12-11 | 20 | |
| 2007-08 | എൽ.എഫ്.കെ.എസ്.ഡി- 3/ 941/11.തി:14-02-12 | 15 | |
| 2008-09to 2009-10 | എൽ.എഫ്.കെ.എസ്.ഡി- 2/283/13.തി:12.06.13 | 33 | |
| 2010-11to- 2011-12 | എൽ.എഫ്.കെ.എസ്.ഡി- 9/205/14.തി: 05-12-14 | 31 | |
| 2012-13, to 2013-14 | എൽ.എഫ്.കെ.എസ്.ഡി- 7/263/15.തി: 13-08-15 | 26 | |
| 2014-15 | നം:കെ.എസ്.എ./കെ.എസ്.ഡി –10/167/2016 തി 15.02.2016 | 32 | |

## അനുബന്ധം -1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്.

കെ.എസ്.എ-കെ.എസ്.ഡി-/10/1259/2016 കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്

ഇ.മെയിൽ doksd.ksad@kerla.gov.in

ഫോൺ നം.04994-256690 പിൻ - 671123

തീയതി. 20.12.2016

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിൻറെ 4-ാം വകുപ്പ് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും കാസറഗോഡ് ജില്ലയിലെ കോടോം ബെളൂർ ഗ്രാമ പഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ്

പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ, എന്റെ അഭിപ്രായത്തിൽ കോടോം ബെളൂർ ഗ്രാമ പഞ്ചായത്തിൻറെ 2015-16-ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം ,കാസറഗോഡ്

No. KSA-KSD-10/1259/2016 KeralaStateAudit Department

District Audit Office,Kasaragod-672123

E-mail:doksd.ksad@kerala.gov.in

Phone: 04994-256690

Dated: 20.12.2016

Certified that, I have audited the Annual Financial Statement of Kodom Beloor Grama Panchayat in Kasaragod District for the year ended on 31.03.2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Kodom Beloor Grama Panchayat for the year 2015-16, except the observations pointed out in my Audit Report, properly presents the picture of income and expenditure.

Deputy Director,

Kerala State Audit Department,

District Audit Office, Kasaragod